بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാള്യം 4 | ലക്കം 11

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 മാർച്ച് 14/ഹി:ശം:1398 അമാൻ 14/ഹി:ഖ:1440 ജമാദുൽ റജബ് 06

## അല്ലാഹുവിന്റെ വചനം

رَبَّنَاۤ اٰمَنَّا بِمَاۤ اَنۡزَلۡتَ وَاتَّبَعۡنَا الرَّسُوۡلَ فَاکۡتُبۡنَا مَعَ الشّٰہِدِیۡنَ○

(ال عمران:54)

ഞങ്ങളുടെ നാഥാ! നീ അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിച്ചു. ഈ ദൂതനെ ഞങ്ങൾ പിന്തുടരുകയും ചെയ്തിരിക്കുന്നു. അതിനാൽ സാക്ഷ്യം വഹിക്കുന്നവരോടൊപ്പം ഞങ്ങളുടെ പേരും നീ രേഖപ്പെടുത്തേണമേ.' (3:54)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# ഈ ലോകമെന്താണ്? ഒരുതരത്തിലുള്ള പരീക്ഷണാലയമാണ്. എല്ലാ തരത്തിലുള്ള കാര്യങ്ങളും മറച്ചുവെക്കുന്നതാണ് നല്ലത്. പ്രദർശനപരതയിൽനിന്ന് രക്ഷപ്പെടുക. ആരുടെ കർമങ്ങളാണോ അല്ലാഹുവിനുവേണ്ടി മാത്രമുള്ളത് അവർ തങ്ങളുടെ കർമങ്ങൾ ആരുടെമേലും വെളിപ്പെടുത്തുകയില്ല. ഇവർതന്നെയാണ് മുത്തഖികൾ.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

മുത്തഖിയ്ക്ക് എപ്പോഴും ശയ്ത്വാനെതിരിൽ യുദ്ധമാണ്. പക്ഷേ അവൻ സ്വാലിഹായി തീരുമ്പോൾ എല്ലാ യുദ്ധവും അവസാനിക്കുന്നു. ഉദാഹരണത്തിന് ഒന്ന് പ്രദർശനപരതയാണ്. അതിനെതിരിൽ ഇരുപത്തിനാലു മണിക്കൂറും യുദ്ധംചെയ്യുന്നു. മുത്തഖി എപ്പോഴും യുദ്ധമൈതാനത്താണുള്ളത്. അല്ലാഹുവിന്റെ കൃപയുടെ കരങ്ങൾ അവനോടൊപ്പമുണ്ടെങ്കിൽ അവന് വിജയമുണ്ടാകും. പ്രദർശനപരതപോലെ, അതിന്റെ നടത്തം ഒരു ഉറുമ്പിനെപ്പോലെയാണ്. ചിലനേരത്ത് മനുഷ്യൻ അറിയുന്നുണ്ടാവില്ല. പക്ഷേ, സന്ദർഭത്തിനൊത്ത് പ്രദർശനപരത മനസ്സിൽ ഉണ്ടാകുന്നതിന് അവസരം നല്കുന്നു. ഉദാഹരണത്തിന് ഒരാളുടെ കത്തി കളഞ്ഞുപോകുന്നു. അത് മറ്റുള്ളവരോടു അന്വേഷിക്കുമ്പോൾ ആ അവസരത്തിൽ ഒരു മുത്തഖിയുടെ യുദ്ധം ശയ്ത്വാനുമായി ഉണ്ടാകാൻ തുടങ്ങുന്നു. ഇങ്ങനെ അന്വേഷിക്കുന്നത് ഒരു തരത്തിലുള്ള അനാദരവാണെന്ന് ശയ്ത്വാൻ അവനെ പഠിപ്പിക്കുന്നു. ഇതുമുഖേന അവൻ കോപിക്കാനിടയുണ്ടെന്നും പരസ്പരം വഴക്കുണ്ടാകാൻ ഇടയുണ്ടെന്നും തോന്നിപ്പിക്കുന്നു. ആ അവസരത്തിൽ ഒരു മുത്തഖിയ്ക്ക് തന്റെ ആത്മാവിന്റെ ദുരുദ്ദേശ്യവുമായി യുദ്ധമുണ്ടാകുന്നു. ആ വ്യക്തിയിൽ അല്ലാഹുവിനുവേണ്ടി മാത്രം സത്യസന്ധത ഉണ്ടെങ്കിൽ ദ്വേഷപ്പെടേണ്ട ആവശ്യംതന്നെ എന്താണ്. സത്യസന്ധത എത്രത്തോളം മറച്ചുവെക്കുന്നുവോ അത്രമാത്രം ഉത്തമമാണ്. ഉദാഹരണത്തിന് ഒരു രത്നവ്യാപാരി വഴിയിൽ കുറച്ചു കള്ളന്മാരെ കാണുകയും കള്ളന്മാർ പരസ്പരം അയാളെ സംബന്ധിച്ച് കൂടിയാലോചിക്കുകയും ചിലർ അയാളെ സമ്പന്നനാണെന്ന് പറയുകയും ചിലർ അയാളെ ദരിദ്രവാസിയാണെന്ന് പറയുകയുമാണെങ്കിൽ രത്നവ്യാപാരി ഇഷ്ടപ്പെടുന്നത് തന്നെ ദരിദ്രവാസി എന്നു പറയുന്നവരെ ആയിരിക്കും.

### കർമങ്ങൾ മറച്ചുവെക്കുന്നതാണ് ഉത്തമം:

ഇതുപോലെതന്നെ ഈ ലോകമെന്താണ്? ഒരു തരത്തിലുള്ള പരീക്ഷണാലയമാണ്. എല്ലാ തരത്തിലുള്ള കാര്യങ്ങളും മറച്ചുവെക്കുന്നതാണ് നല്ലത്. പ്രദർശനപരതയിൽനിന്ന് രക്ഷപ്പെടുക. ആരുടെ കർമങ്ങളാണോ അല്ലാഹുവിനുവേണ്ടി മാത്രമുള്ളത് അവർ തങ്ങളുടെ കർമങ്ങൾ ആരുടെമേലും വെളിപ്പെടുത്തുകയില്ല. ഇവർതന്നെയാണ് മുത്തഖികൾ.

ഞാൻ തദ്ക്കിറത്തുൽഔലിയായിൽ കണ്ടിട്ടുണ്ട്, ഒരു സദസ്സിൽ പണത്തിന് ആവശ്യമുള്ള വയസായ ഒരു മനുഷ്യൻ സഹായം ചോദിച്ചു. ഒരാൾ സ്വാലിഹാണെന്ന് കണ്ട് അയാൾക്ക് ആയിരം രൂപ കൊടുത്തു. അദ്ദേഹം പണം വാങ്ങി അയാളുടെ ധർമനിഷ്ഠയും ദാനശീലതയും വാനോളം പുകഴ്ത്തി. ഇക്കാരണത്താൽ പണം കൊടുത്ത ആൾ ദുഃഖിതനായി. ഇവിടെത്തന്നെ പുകഴ്ത്തലുണ്ടായ സ്ഥിതിക്ക് പരലോകത്ത് പ്രതിഫലത്തിൽനിന്ന് പിന്തള്ളപ്പെട്ടുപോകാം. അയാൾ കരുതി. അല്പ സമയത്തിനുശേഷം അയാൾ വന്നു. ആ പണം തന്റെ മാതാവിന്റേതായിരുന്നുവെന്നും അവർ തരാൻ സമ്മതിക്കുന്നില്ലെന്നും പറഞ്ഞു. അങ്ങനെ ആ തുക തിരിച്ചു നല്കപ്പെട്ടു. അപ്പോൾ എല്ലാവരും അയാളിൽ ശാപം ചൊരിഞ്ഞു. കള്ളനാണെന്ന് പറഞ്ഞു. യഥാർഥത്തിൽ അവൻ പണം നല്കാൻ ഇഷ്ടപ്പെടുന്നില്ല. വൈകുന്നേരം ആ മഹാത്മാവ് വീട്ടിൽ ചെന്നപ്പോൾ ആ വ്യക്തി മടക്കിവാങ്ങിയ ആയിരം രൂപയുമായി വന്നു. അദ്ദേഹം പറഞ്ഞു: നിങ്ങൾ പരസ്യമായി എന്നെ പുകഴ്ത്തിക്കൊണ്ട് പരലോക പ്രതിഫലം എനിക്കു നിഷേധിക്കുകയാണ് ചെയ്തത്. അതുകൊണ്ടാണ് ഞാൻ ഈ തന്ത്രം പ്രയോഗിച്ചത്. ഇപ്പോൾ ഈ പണം താങ്കളുടേതാണ്. പക്ഷേ, താങ്കൾ ആരോടും ഇക്കാര്യം പറയരുത്. ആ മഹാത്മാവ് പൊട്ടിക്കരയാൻ തുടങ്ങി. ഇനി ഖിയാമത്തുന്നാൾവരെ കുത്തുവാക്കിനും ശാപവാക്കിനും താങ്കൾ പാത്രമാണ്. കാരണം ഇന്നലത്തെ സംഭവം എല്ലാവർക്കും അറിയാവുന്നതാണ്. താങ്കൾ എനിക്ക് പണം മടക്കിത്തന്ന വിവരം ആർക്കും അറിയുകയുമില്ല.

ഒരു മുത്തഖി തന്റെ ദോഷപ്രവണമായ ആത്മാവിനെതിരിൽ യുദ്ധം ചെയ്ത് തന്റെ വിചാരങ്ങൾ മറച്ചു വെക്കുന്നു. രഹസ്യമാക്കി വെക്കുന്നു. പക്ഷേ, അല്ലാഹു ആ മറച്ചുവച്ച വിചാരത്തെ എപ്പോഴും വെളിപ്പെടുത്തുന്നു. ഒരു ദുർന്നടപ്പുകാരൻ ഏതെങ്കിലും ദുർനടപ്പിന്നിരയായി ഒളിച്ചിരിക്കാൻ ആഗ്രഹിക്കുന്നതുപോലെ ഒരു മുത്തഖി രഹസ്യമായി നമസ്കരിക്കുന്നു. ആരെങ്കിലും തന്നെ കാണുന്നത് ഭയപ്പെടുന്നു. സത്യസന്ധനായ മുത്തഖി ഒരു തരത്തിലുള്ള മറ ആഗ്രഹിക്കുന്നു. തഖ്‌വായുടെ നിലകൾ ധാരാളമുണ്ട്. പക്ഷേ, തഖ്‌വായ്ക്ക് ബുദ്ധിമുട്ടുണ്ട്. മുത്തഖി യുദ്ധാവസ്ഥയിലാണ്. സ്വാലിഹ് ആ യുദ്ധത്തിന് പുറത്താണ്. ഞാൻ മുകളിൽ ഉദാഹരണമെന്ന നിലയിൽ പ്രദർശനപരതയെ കുറിച്ച് പറഞ്ഞതുപോലെ! ഇതുമുഖേന മുത്തഖിക്ക് ഇരുപത്തിനാലു മണിക്കൂറും യുദ്ധമാണ്.

### പ്രദർശനപരതയും സൗമ്യതയും തമ്മിൽ യുദ്ധം:

ചിലനേരങ്ങളിൽ പ്രദർശനപരതയും സൗമ്യതയും തമ്മിൽ യുദ്ധം ഉണ്ടാകാറുണ്ട്. ചിലപ്പോൾ മനുഷ്യന്റെ കോപം ദൈവഗ്രന്ഥത്തിന് എതിരായിരിക്കും. ചീത്തവിളി കേട്ട് അവന്റെ ആത്മാവ് അലയടിച്ചുയരുന്നു. കോപത്തിൽ നിന്ന് പിന്മാറാനാണ് തഖ്‌വാ അവനെ പഠിപ്പിക്കുന്നത്. *വ ഇദാ മർറൂ ബില്ലഗ് വി മർറൂ കിറാമാ* എന്ന് വിശുദ്ധ ഖുർആൻ പറയുന്നതുപോലെ.(25:73). അപ്രകാരംതന്നെ അക്ഷമയോടു അവന് അധികവും യുദ്ധം ചെയ്യേണ്ടിവരുന്നു. അക്ഷമകൊണ്ടുള്ള ഉദ്ദേശ്യം അവന് തഖ്‌വയുടെ വഴിയിൽ എത്രത്തോളം വിഷമങ്ങളുമായി ഏറ്റുമുട്ടേണ്ടിവരുന്നുവെന്നാൽ വളരെ പ്രയാസപ്പെട്ടായിരിക്കും അവൻ തന്റെ ലക്ഷ്യസ്ഥാനത്ത് എത്തുന്നത്. അതുകൊണ്ടാണ് അക്ഷമനാകുന്നത്. ഉദാഹരണത്തിന് ഒരു കിണർ അമ്പത് അടി കുഴിക്കേണ്ടതുണ്ട്. രണ്ടുമൂന്നു മുഴം കുഴിച്ച് കുഴിക്കൽ ഉപേക്ഷിക്കുകയാണെങ്കിൽ അത് കേവലം ഒരു തെറ്റായ ധാരണയാണ്. തഖ്‌വായുടെ നിബന്ധന എന്താണെന്നാൽ

( ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# മുസ്‌ലിം കുടിയേറ്റക്കാരും ഉൽഗ്രഥനവും

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്)**
**വിവർത്തനം:കെ. വി. ഹസ്സൻകോയ, കോഴിക്കോട്**

(ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അഞ്ചാമൻ 2018 സപ്തംബറിൽ ജർമനി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വാർഷിക സമ്മേളനത്തിൽ ആയിരത്തോളം വിശിഷ്ട വ്യക്തികളെ സംബോധന ചെയ്തുനടത്തിയ പ്രസംഗം)

ഒന്നാമതായി, അടിസ്ഥനപരമായ ഒരു ഇസ്‌ലാമികതത്ത്വമെന്തെന്നാൽ, ഒരു മുസ്‌ലിം സമാധാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ മറ്റുള്ളവർക്കും സമാധാനവും സുരക്ഷയും നല്കാൻ പ്രയത്നിക്കണം എന്നതാണ്. ജനങ്ങൾ പലപ്പോഴും ആദ്യകാല ഇസ്‌ലാമിൽ നടന്ന യുദ്ധത്തെപ്പറ്റി സംസാരിക്കുന്നു; അത് തെളിയിക്കുന്നത് ഇസ്‌ലാം രക്തക്കൊതിയുള്ള മതമാണെന്ന്! അത് ബലവും നിർബന്ധവും ചെലുത്തുന്നുവെന്ന് പറയുന്നു. യഥാർഥത്തിൽ, ആദ്യകാല മുസ്‌ലിംകൾ പതിമൂന്നു വർഷങ്ങളോളം കിരാതമായ മർദനങ്ങൾ സഹിച്ചു. ഒരുവിധത്തിലും പ്രതികാരം ചെയ്തില്ല.

വളരെ കാലത്തിനുശേഷം സർവ്വശക്തനായ അല്ലാഹു സ്വയം പ്രതിരോധിക്കാൻ അവർക്കനുമതി നല്കി. ഇതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിലെ 22-ാം അധ്യായം 40,41 വചനങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നു. ഈ വചനങ്ങളിൽ സർവ്വശക്തനായ അല്ലാഹു പറഞ്ഞിട്ടുള്ളത് മർദിക്കപ്പെടുകയും തങ്ങളുടെ വീടുകളിൽനിന്ന് പുറത്താക്കപ്പെടുകയും ചെയ്യപ്പെട്ടവർക്ക് കൂടുതൽ ക്രൂരതയും എതിർപ്പും പ്രതിരോധിക്കാനുള്ള അനുമതി നല്കപ്പെട്ടിരിക്കുന്നുവെന്നാണ്. എന്നിരിക്കിലും, വിശുദ്ധഖുർആൻ അതിനുശേഷം പ്രസ്താവിക്കുന്നത് മുസ്‌ലിംകൾ തങ്ങളുടെ മതത്തെ പ്രതിരോധിച്ചില്ലെങ്കിൽ ചർച്ചുകളും, ക്ഷേത്രങ്ങളും ജൂതപ്പള്ളികളും, മസ്ജിദുകളും മറ്റെല്ലാ ആരാധനാലയങ്ങളും അപകടത്തിലായിരിക്കുമെന്നാണ്. അതിനാൽ അനുമതി നൽകപ്പെട്ടത് എല്ലാ ജനങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കാനും അവരുടെ വിശ്വാസങ്ങളനുസരിച്ച് സ്വതന്ത്രമായി ജീവിക്കാനുമാണ്.

വിശുദ്ധഖുർആൻ അധ്യായം 10ൽ 100-ാം വചനത്തിൽ ഇസ്‌ലാമിന്റെ പ്രവാചകനെ(സ) അഭിസംബോധന ചെയ്തുകൊണ്ട് സർവ്വശക്തനായ അല്ലാഹു പ്രസ്താവിക്കുന്നു, 'അദ്ദേഹം ആഗ്രഹിക്കുകയായെങ്കിൽ അദ്ദേഹത്തിന് തന്റെ ഇച്ഛ നടപ്പിൽവരുത്തുകയും ഓരോരുത്തരേയും ഇസ്‌ലാം സ്വീകരിക്കാൻ നിർബന്ധം ചെലുത്തുകയും ചെയ്യാമായിരുന്നു. അതിനുപകരം ഇച്ഛാസ്വാന്ത്ര്യം നിലനില്ക്കാനാണ് ദൈവം ഇച്ഛിക്കുന്നത്. അതുപോലെ വിശുദ്ധഖുർആനിലെ അധ്യായം 30-ാം വചനത്തിൽ സർവ്വശക്തനായ അല്ലാഹു പ്രസ്താവിക്കുന്നത് മുസ്‌ലിംകൾ തങ്ങളുടെ സന്ദേശം പരസ്യമായി പ്രഖ്യാപിക്കാനാണ്. ഇസ്‌ലാം സത്യമതമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. എന്നിട്ടും അതേസമയം വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നത് ഓരോ വ്യക്തിക്കും സ്വീകരിക്കാനോ നിരാകരിക്കാനോ ഉള്ള സ്വാതന്ത്ര്യം ഉണ്ടെന്നാണ്.

'ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ, ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ.' ഇസ്‌ലാം സമാധാനപൂർണവും ഉദാരവുമായ ഒരു മതമാണെന്ന് സമ്മതിക്കുന്നു. അമുസ്‌ലിംകൾപോലും ഇസ്‌ലാം സ്വീകരിക്കുന്നതിന് വിസമ്മതിക്കുന്നുവെന്ന് വിശുദ്ധഖുർആൻ പരാമർശിക്കുന്നു. അവർ പറയുന്നത് തങ്ങൾ സമാധാനത്തിന്റേയും സഹാനുഭൂതിയുടേയും പാത സ്വീകരിക്കാൻ ഉദ്യുക്തരാണെന്നും തങ്ങളുടെ ഭൗതികതാല്പര്യങ്ങൾക്ക് അത് ദോഷം വരുത്തുമെന്നാണ്. 28-ാം അധ്യായം 58-ാം വചനത്തിൽ വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു.

"അവർ പറയുന്നു, നിന്റെ കൂടെ ഞങ്ങൾ മാർഗദർശനം പിന്തുടർന്നാൽ ഞങ്ങളുടെ ഭൂമിയിൽനിന്ന് ഞങ്ങൾ തട്ടിയെടുക്കപ്പെടും."

ഇതാണ് ഇസ്‌ലാമിന്റെ യഥാർഥ ചിത്രം. സമാധാനത്തോടുകൂടി ജീവിക്കണമെന്നാണ് ഇസ്‌ലാം ഓരോ മുസ്‌ലിമിനോടും ആവശ്യപ്പെടുന്നത്. സമൂഹത്തിന് സഹായം ചെയ്യുകയും വേണം. ജിഹാദിന്റെ അർഥം അമുസ്‌ലിംകളെ ആക്രമിക്കുകയും അവരെ ബലം പ്രയോഗിച്ച് പരിവർത്തനം ചെയ്യിക്കണമെന്നും അവകാശപ്പെടുന്നത് പ്രകടമായ തെറ്റാണെന്നതിൽ സംശയമില്ല. അത്തരം വിശ്വാസങ്ങൾക്കും മനോഭാവത്തിനും ഇസ്‌ലാമികാധ്യാപനവുമായി ഒരു ബന്ധവുമില്ല. ഇസ്‌ലാമിനെതിരിൽ നിരത്തിവെക്കുന്ന മറ്റൊരു കുറ്റാരോപണം ഇത് ഞാൻ മുമ്പേ സൂചിപ്പിച്ചിട്ടുള്ളതാണ്. സ്ത്രീകളോടുള്ള പെരുമാറ്റത്തെ സംബന്ധിച്ചാണ്. ചില അമുസ്‌ലിംകൾ ഭയപ്പെടുന്നത് മുസ്‌ലിംകൾ പാശ്ചാത്യരാജ്യങ്ങളിൽ കുടിയേറിയാൽ അവർ തദ്ദേശീയരായ സ്ത്രീകളുടെമേൽ ചാടിവീഴുകയും അവരെ അപമാനിക്കുകയും ചെയ്യും എന്നാണ്. യഥാർഥത്തിൽ ചില കുടിയേറ്റക്കാർ കൊലപാതകങ്ങൾക്ക് കുറ്റക്കാരാണ്. അവരുടെ നിർല്ലജ്ജമായ സ്വഭാവം അത്തരം ഭയാശങ്കകൾക്ക് കാരണമായിട്ടുണ്ട്. ഞാൻ ഉറച്ചനിലയിൽ വ്യക്തമാക്കാനാഗ്രഹിക്കുന്നത്, സ്ത്രീയോടുള്ള ബഹുമാനത്തിന് ക്ഷതം വരുത്തുകയോ അവളെ ഏതെങ്കിലും രീതിയിൽ അപമാനിക്കുകയോ ചെയ്യുന്നത് ഇസ്‌ലാമികാധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധമാണ് എന്നാണ്. ഇസ്‌ലാം അത്തരം പെരുമാറ്റത്തെ തിന്മയായാണ് ഗണിക്കുന്നത്. അത്തരം അധാർമികവും ഗർഹണീയവുമായ കുറ്റങ്ങൾക്ക് തികച്ചും വ്യത്യസ്തമായ കഠിനശിക്ഷയാണ് ഇസ്‌ലാം നിയമമാക്കിയിട്ടുള്ളത്.

ഉദാഹരണമായി, അത്തരം ഒരു കുറ്റം ഒരു മുസ്‌ലിം ചെയ്താൽ ആ കുറ്റവാളിയെ പരസ്യമായ നിലയിൽ ചാട്ടവാർകൊണ്ട് അടിക്കണമെന്നാണ് ഇസ്‌ലാം ആജ്ഞാപിക്കുന്നത്. അപ്രകാരം അത്തരം പെരുമാറ്റം നിർമൂലനം ചെയ്യണമെന്ന് നിങ്ങൾ സത്യമായും ആഗ്രഹിക്കുന്നെങ്കിൽ ജുഗുപ്സാവഹമായ കുറ്റം ചെയ്യുന്ന അത്തരം മുസ്‌ലിംപുരുഷനെ ഇസ്‌ലാമികനിയമമനുസരിച്ച് ശിക്ഷിക്കണം. എന്നിരിക്കിലും, പാശ്ചാത്യഗവർമ്മെന്റുകൾ ഈ ആശയത്തിനുനേരെ നെറ്റിചുളിക്കുമെന്നും മനുഷ്യാവകാശ പ്രവർത്തകർ തീർച്ചയായും ഇതിനെ ആക്ഷേപിക്കുമെന്നും എനിക്ക് തീർച്ചയാണ്.

ഞാൻ മുമ്പേ പറഞ്ഞതുപോലെ നിലവിലുള്ള പൗരന്മാരും മറ്റൊരു പ്രധാന ആശങ്ക കുടിയേറ്റക്കാർക്ക് അഭയം നല്കുന്നത് രാജ്യത്തിന് ഭീമമായ സാമ്പത്തിക ബാധ്യതയാണെന്നാണ്. ഇക്കാര്യത്തിൽ ഓരോ കുടിയേറ്റക്കാരനും തനിക്ക് എന്തെങ്കിലും നേടാനാവണം എന്ന ബോധത്തോടെ മറ്റൊരു രാഷ്ട്രത്തിൽ പ്രവേശിക്കരുതെന്നും പ്രാദേശിക സമൂഹത്തിന് എന്തും നൽകാൻ തനിക്കാവുമെന്ന് ചിന്തിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. കുടിയേറ്റക്കാർ തങ്ങളെ സ്വീകരിച്ച രാഷ്ട്രത്തോടു കടപ്പെട്ടവരായിരിക്കണം എന്ന കാര്യം ഞാൻ നിരവധി തവണ പറഞ്ഞിട്ടുള്ളതാണ്. അവർ ഗവർമ്മെന്റിനോടും പൊതുജനങ്ങളോടും നന്ദി പ്രകടിപ്പിക്കാൻ ബാധ്യസ്ഥരാണ്. ഈ ആനുകൂല്യത്തിന് അവർ തിരിച്ചുനൽകേണ്ടത് കൂടുതൽ നേട്ടങ്ങളും അലവൻസുകളും തേടിക്കൊണ്ടല്ല. അങ്ങനെ സമയം വൃഥാവിലാകാതെ സാധ്യമാവുന്നിടത്തോളം അവർ സമൂഹത്തെ സഹായിക്കുകയാണ് വേണ്ടത്. അവർ കഠിനാധ്വാനം ചെയ്യുകയും ജോലി സമ്പാദിക്കാൻ ശ്രമിക്കുകയും വേണം. അടിസ്ഥാനപരമായ കൂലിപ്പണിയാണെങ്കിലും അവർ ചെയ്യണം. ഇതുമുഖേന അവർക്ക് വ്യക്തിപരമായ ബഹുമാനവും അന്തസ്സും നിലനിറുത്താൻ സാധിക്കുമെന്നു മാത്രമല്ല, അതുമുഖേന രാജ്യത്തിന്റെ ഭാരം കുറക്കാനും കഴിയും. തദ്ദേശീയരുടെ അനിഷ്ടം ഇല്ലാതാക്കാനും സാധിക്കും.

തീർച്ചയായും നബി(സ) തിരുമേനി പറഞ്ഞിട്ടുള്ള 'കൊടുക്കുന്ന കൈ വാങ്ങുന്ന കൈയുടെ മുകളിലാണ്' എന്ന കാര്യം മുസ്‌ലിംകൾ ഓർമിക്കണം. നിരവധി അവസരങ്ങളിൽ ജനങ്ങൾ നബി(സ) തിരുമേനിയുടെ സഖാക്കളെ സഹായിക്കാൻ ശ്രമിക്കുകയുണ്ടായി. എന്നാൽ, ആ സഖാക്കൾ സഹായം നിരാകരിക്കുകയും സ്വന്തമായി ഉപജീവനമാർഗം കണ്ടെത്തുവാൻ ഇഷ്ടപ്പെടുകയുമാണ് ചെയ്തത്. ഞാൻ പറഞ്ഞതുപോലെ അഭയാർഥികൾ കൂലിപ്പണി ചെയ്യാൻ നിർബന്ധിതരായാൽ അത് തങ്ങളുടെ യോഗ്യതക്ക് ചേർന്നതല്ലെന്ന് വിചാരിക്കരുത്. അലസരായിരുന്നതുകൊണ്ട് രാജ്യം തങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചുതരും എന്ന് വിചാരിക്കുന്നതിനെക്കാൾ ഉത്തമമതാണ്. നേരെ മറിച്ച് സമൂഹത്തിനു സഹായം ചെയ്യാത്ത കുടിയേറ്റക്കാർ പൊതുജനങ്ങളുടെ അസ്വാസ്ഥ്യം വർധിപ്പിക്കാൻ വഴിവെക്കുന്നതാണ്. അതിലുപരി സർക്കാർ എന്തെങ്കിലും ഗുണവും സാമ്പത്തികസഹായവും ചെയ്യുകയാണെങ്കിൽ കുടിയേറ്റക്കാർ തദ്ദേശീയരായ ആളുകളുടെ ആവശ്യങ്ങൾ നിരാകരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. ചിലരാജ്യങ്ങളിൽ നികുതിയടക്കുന്ന പൗരന്മാരെക്കാൾ കൂടുതൽ നേട്ടങ്ങൾ കുടിയേറ്റക്കാർക്ക് ലഭിക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്കിടയിൽ സ്വാഭാവികമായും അസ്വസ്ഥതയുണ്ടാകും. അത്തരം തകർച്ച സ്വന്തമായി വരുന്നതല്ല. എന്തെന്നാൽ എവിടെ ഇഷ്ടക്കേടുണ്ടോ അവിടെ അതിന്റെ പ്രതികരണവുമുണ്ടാകുന്നു. അതുകൊണ്ട് ഓരോ സർക്കാരും നീതിപൂർവ്വവും നീതിനിഷ്ഠവുമായ നയങ്ങളാണ് നടപ്പിൽ വരുത്തേണ്ടത്. പൗരന്മാരുടേയും കുടിയേറ്റക്കാരുടേയും അവകാശങ്ങളും ആവശ്യങ്ങളും സർക്കാർ ഒരേ വിധത്തിൽ മനസ്സിൽ വെക്കണം. അതിലുപരി തദ്ദേശിയരായ പൗരന്മാരോടു ഉത്ത

( ശേഷം പേജ് 11ൽ)

## ഖുത്ബ ജുമുഅ

**“നബി(സ)തിരുമേനി പറഞ്ഞു: എന്റെ ഈ മസ്ജിദിലെ ഒരു നമസ്കാരം കഅ്ബ ഒഴികെ മറ്റുള്ള മസ്ജിദുകളിലെ ആയിരക്കണക്കിന് നമസ്കാരത്തെക്കാൾ ശ്രേഷ്ഠമാണ്.”**

“സ്വഹാബാക്കളുടെ ജീവചരിത്രമാണ് വിവരിക്കപ്പെടുന്നത്;
ഒപ്പം ചില പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.”

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ ഹദ്റത്ത് അബൂ മുലയ്ൽ ബിൻ അൽഅസ്അർ, ഹദ്റത്ത് അനസ് ബിൻ മുആദ് അൻസ്വാരി, ഹദ്റത്ത് അബൂ ശയ്ഖ് ഉബയ് ബിൻ ഥാബിത്, ഹദ്റത്ത് അബൂബുർദ ബിൻ നിയാർ, ഹദ്റത്ത് അസ്അദ് ബിൻ യസീദ്, ഹദ്റത്ത് തമീം ബിൻ യഅ്ആർ അൻസ്വാരി, ഹദ്റത്ത് ഔസ് ബിൻ ഥാബിത് ബിൻ മുൻദിർ, ഹദ്റത്ത് ഥാബിത് ബിൻ ഖൻസാഅ്, ഹദ്റത്ത് ഔസ് ബിൻ അസ്സ്വാമിത്ത്, ഹദ്റത്ത് അർക്കം ബിൻ അബീഅർക്കം, ഹദ്റത്ത് ബസ്ബസ് ബിൻ അംറ്, ഹദ്റത്ത് ഥഅ്ലബ ബിൻ അംറ് അൻസ്വാരി, ഹദ്റത്ത് ഥഅ്ലബ ബിൻ ഗനമഃ, ഹദ്റത്ത് ജാബിർ ബിൻ ഖാലിദ്, ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാൻ ബിൻ ഉമയ്യ അൻസ്വാരി, ഹദ്റത്ത് ഹാരിഥ് ബിൻ അനസ് അൻസ്വാരി, ഹദ്റത്ത് ഹുറയ്ഥ് ബിൻ സയ്ദ് അൻസ്വാരി, ഹദ്റത്ത് ഹാരിഥ് ബിൻ അസിമ്മ (റളിയല്ലാഹുഅൻഹും) തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.

അല്ലാഹു ഈ എല്ലാ ബദ്രി സ്വഹാബാക്കളുടേയും ദർജകൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2018 ഫെബ്രുവരി 01/1398 തബ്ലീഗ് 01**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് വിവരിക്കുന്ന സ്വഹാബാക്കളിൽ ആദ്യത്തെ നാമം ഹദ്റത്ത് അബൂ മുലയ്ൽ ബിൻ അൽഅസ്അർ എന്നാകുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമ്മു അംറ് ബിൻത് അശ്റഫ് എന്നായിരുന്നു. അൻസ്വാറുകളുടെ ഗോത്രമായ ഔസുമായാണ് അദ്ദേഹത്തിന്റെ ബന്ധം. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 353, അബൂമുലയ്ൽ ബിൻ അൽ അസ്അർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 6, പേജ് 295, അബൂമുലയ്ൽ ബിൻ അൽ അസ്അർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). ഒരു നിവേദനമനുസരിച്ച് അദ്ദേഹത്തിന്റെ സഹോദരൻ അബൂ ഹുബയ്ബ് ബിൻ അസ്അറും ബദ്ർ യുദ്ധത്തിലും മറ്റു യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു.(ഉസുദുൽ ഗാബ, വാള്യം 6, പേജ് 65, അബൂഹബീബ് ബിൻ അൽ അസ്അർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

മറ്റൊരു സ്വഹാബിയാണ് അനസ് ബിൻ മുആദ് അൻസ്വാരി. ചില നിവേദനങ്ങളിൽ ഇദ്ദേഹത്തിന്റെ പേര് ഉനയ്സാണെന്നും പറഞ്ഞിട്ടുണ്ട്. അൻസ്വാറുകളുടെ ഗോത്രമായ ഖദ്റജിന്റെ ശാഖ ബനൂ നജ്ജാറുമായാണ് ഇദ്ദേഹത്തിന്റെ ബന്ധം. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമ്മു ഉനാസ് ബിൻത് ഖാലിദ് എന്നായിരുന്നു. അദ്ദേഹം ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഉഹുദ് യുദ്ധത്തിൽ ഇദ്ദേഹത്തിന്റെ സഹോദരൻ ഹദ്റത്ത് ഉബയ് ബിൻ മുആദും ഇദ്ദേഹത്തോടൊപ്പം പങ്കെടുത്തിരുന്നു. ഇദ്ദേഹത്തിന്റെ വഫാത്തിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്ത് കാലത്താണ് ഇദ്ദേഹം വഫാത്തായത്. മറ്റൊരു നിവേദനത്തിലുള്ളത് ഹദ്റത്ത് അനസ് ബിൻ മുആദും അദ്ദേഹത്തിന്റെ സഹോദരൻ ഉബയ്ദ് ബിൻ മുആദും ബിഅ്രെ മഊന സംഭവത്തിൽ ശഹീദായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 381, അനസ് ബിൻ മുആദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 1, പേജ് 299, അനസ് ബിൻ മുആദ് ബിൻ അനസ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അടുത്ത വിവരണം ഹദ്റത്ത് അബൂ ശേയ്ഖ് ഉബയ് ബിൻ ഥാബിത്ത്(റ)ന്റേതാണ്. ഹദ്റത്ത് അബൂ ശേയ്ഖ് ഉബയ് ബിൻ ഥാബിത്ത്(റ)ന്റേ ബന്ധം ഖദ്റജിന്റെ ശാഖയായ ബനൂ അദിയ്യുമായിട്ടാണ്. ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ ശേയ്ഖ് എന്നായിരുന്നു. ഒരു ഖൗൽ അനുസരിച്ച് ഇത് ഇദ്ദേഹത്തിന്റെ മകന്റെ സംജ്ഞാനാമമായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് സുഖ്ത്വാ ബിൻത് ഹാരിഥ എന്നായിരുന്നു. ഹദ്റത്ത് ഉബയ് ബിൻ ഥാബിത് ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്തിന്റേയും ഹദ്റത്ത് ഔസ് ബിൻ ഥാബിത്തിന്റേയും സഹോദരനായിരുന്നു. ഇദ്ദേഹം ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ബിഅ്രെ മഊന ദിവസം ഇദ്ദേഹം വഫാത്തായി.

ഹദ്റത്ത് ഉബയ് ബിൻ ഥാബിത് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നോ ഇല്ലേ എന്ന കാര്യത്തിൽ അഭിപ്രായ വ്യതാസമുണ്ട്. വിവിധ ചരിത്രഗ്രന്ഥങ്ങളുണ്ട്. ഇബ്നു ഇസ്ഹാഖ് പറയുന്നത്, ഹദ്റത്ത് ഉബയ് ബിൻ ഥാബിത് ജാഹ്ലിയ കാലഘട്ടത്തിൽ വഫാത്തായിരുന്നുവെന്നനാണ്. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തത് അദ്ദേഹത്തിന്റെ മകൻ അബൂ ശേയ്ഖ് ബിൻ ഉബയ് ബിൻ ഥാബിത്തായിരുന്നു. എന്നാൽ, അല്ലാമ ഇബ്നു ഹിശാം ബദ്റിൽ പങ്കെടുത്തവരിൽ ഹദ്റത്ത് അബൂ ശേയ്ഖ് ഉബയ് ബിൻ ഥാബിത്തിനെ ഉൾപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് ഉബയ് ബിൻ ഥാബിത്തിന്റെ വഫാത്തിനെ സംബന്ധിച്ച് നിവേദനങ്ങളിൽനിന്ന് ലഭിക്കുന്നത്, അദ്ദേഹം ബിഅ്രെ മഊന ദിവസം വഫാത്തായെന്നാണ്. ചില നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നത് അദ്ദേഹം ഉഹുദ് യുദ്ധ ദിവസം വഫാത്തായെന്നാണ്. എന്നാൽ, ഉഹുദ് യുദ്ധ ദിവസം വഫാത്തായത് അദ്ദേഹമായിരുന്നില്ലെന്നും മറിച്ച് അദ്ദേഹത്തിന്റെ സഹോദരൻ ഔസ് ബിൻ ഥാബിത്തായിരുന്നുവെന്നും ചില നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നുണ്ട്. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 382, അബൂ ശേയ്ഖ് അബീ ബിൻ ഥാബിത് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 1, പേജ് 165-166, അബൂ ശേയ്ഖ് അബീ ബിൻ ഥാബിത്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (ഇസ്വാബ വാള്യം1, പേജ് 179, അബീ ബിൻ ഥാബിത്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (സീറത്ത് ഇബ്നു ഹിശാം പേജ് 340, മൻ ഹിള്ർ ബദ്റൻ, പ്രസാധകർ ദാറു ഇബ്നു ഹസം ബേറൂത്ത് 2009)

അടുത്ത വിവരണം ഹദ്റത്ത് അബൂ ബുർദ ബിൻ നിയാറിനെ കുറിച്ചാണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ ബുർദ എന്നായിരുന്നു. സംജ്ഞാനാമത്തിൽ അദ്ദേഹം പ്രശസ്തനായിരുന്നു. അദ്ദേഹത്തിന്റെ പേര് ഹാനി എന്നായിരുന്നു. ഒരു നിവേദനത്തിൽ അദ്ദേഹത്തിന്റെ പേര് ഹാരിഥ് എന്നും മറ്റൊരു നിവേദനത്തിൽ മാലിക് എന്നും വിവരിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ബന്ധം ബനൂഖുളായുടെ കുടുംബമായ ബില്ലിയുമായിട്ടായിരുന്നു.ഹദ്റത്ത് അബൂ ബുർദ, ഹദ്റത്ത് ബറാഅ് ബിൻ ആസിബിന്റെ പിതൃസഹോദരനായിരുന്നു. രണ്ടാം അഖ്ബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. അത് കൂടാതെ ബദ്ർ, ഉദുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. മക്ക വിജയ സമയത്ത് ബനൂ ഹാരിഥയുടെ പതാക ഹദ്റത്ത് അബൂ ബുർദയുടെ കൈയിലായിരുന്നു ഉണ്ടായിരുന്നത്.5 (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 344, അബൂ ബുർദ ബിൻ നിയ്യാർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഇസ്വാബ വാള്യം7,

പേജ് 31–32, അബൂ ബുർദ ബിൻ നിയ്യാർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995). (ഉസുദുൽ ഗാബ, വാല്യം 5, പേജ് 358, ഹാനിയ ബിൻ നിയ്യാർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്‌റത്ത് അബൂ അബസും ഹദ്‌റത്ത് അബൂ ബുർദയും ഇസ്‌ലാം സ്വീകരിച്ചപ്പോൾ അവർ രണ്ട് പേരും ബനൂ ഹാരിഥ ഗോത്രത്തിന്റെ വിഗ്രഹങ്ങൾ തകർത്തു.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 343, അബൂ അബസ് ബിൻ ജബർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).അതായത് തങ്ങളുടെ ഗോത്രബിംബം തകർത്തുകളഞ്ഞു. അബൂ ഉമാമാ നിവേദനം: നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിന് പുറപ്പെട്ടപ്പോൾ ഹദ്‌റത്ത് അബൂ ഉമാമയും നബി(സ) തിരുമേനിയോടൊപ്പം പുറപ്പെടാൻ തയ്യാറായി. അപ്പോൾ അദ്ദേഹത്തിന്റെ മാതൃസഹോദരൻ ഹദ്‌റത്ത് അബൂ ബുർദബിൻ നിയാർ പറഞ്ഞു: നീ നിന്റെ മാതാവിനെ സേവിക്കുന്നതിന് ഇവിടെ തന്നെ നിൽക്കുക. അദ്ദേഹത്തിന്റെ മാതാവ് രോഗിയായിരുന്നു. ഹദ്‌റത്ത് അബൂ ഉമാമ പറഞ്ഞു: അദ്ദേഹത്തിലും ആവേശമുണ്ടായിരുന്നു. ഇസ്‌ലാമിന്നെതിരിൽ യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്. ഞാനും പോകുന്നതായിരിക്കും. അദ്ദേഹം പറഞ്ഞു, അവർ താങ്കളുടെ സഹോദരിയുമാണല്ലോ? എന്നോടു താങ്കൾ പറയുന്നതിനുപകരം തങ്ങൾ നില്ക്കുക. ഈ കാര്യം നബി(സ)തിരുമേനിയുടെ സന്നിധിയിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ ഹദ്‌റത്ത് ഉമാമ നിൽക്കാനാണ് കല്പനയുണ്ടായത്. അതായത് മകൻ. ഹദ്‌റത്ത് അബൂ ബുർദ സൈന്യത്തോടൊപ്പം പോയി. നബി(സ)തിരുമേനി യുദ്ധം കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ ഹദ്‌റത്ത് അബൂ ഉമാമയുടെ മാതാവ് വഫാത്തായി കഴിഞ്ഞിരുന്നു. നബി(സ)തിരുമേനി അവരുടെ ജനാസ നമസ്കരിച്ചു. (ഉസുദുൽ ഗാബ, വാല്യം 6, പേജ് 15, അബൂ ഉമാമബിൻ ഥഅ്‌ലബ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഉഹുദ് യുദ്ധ ദിവസം മുസ്‌ലീംകളുടെ കൈയിൽ രണ്ടു കുതിര ഉണ്ടായിരുന്നു. ഒരു കുതിര നബി(സ)തിരുമേനിയുടെ കൈയിലായിരുന്നു. അതിന്റെ പേര് അസ്സകബ് എന്നായിരുന്നു. മറ്റൊരു കുതിര ഹദ്‌റത്ത് അബൂ ബുർദയുടെ പക്കലായിരുന്നു. അതിന്റെ പേര് മുലാവിഹ് എന്നായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 1, പേജ് 380, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്‌റത്ത് അബൂ ബുർദ ബിൻ നിയാർ വിവരിക്കുന്നു, നബി(സ)തിരുമേനി കുറച്ച് ഗോത്രക്കാരുടെ അടുക്കൽ പോയി. അവർക്കുവേണ്ടി പ്രാർഥിച്ചു. പക്ഷേ, ഒരു ഖബീലയെ അവിടന്ന് ഉപേക്ഷിച്ചു. അവരുടെ അടുത്ത് പോയില്ല. ഇതു കണ്ടപ്പോൾ ആ ഗോത്രക്കാർക്ക് എന്താണ് കാരണമെന്നോർത്ത് വിഷമമുണ്ടായി. അങ്ങനെ അവർ തങ്ങളുടെ ഒരു കൂട്ടുകാരന്റെ ചരക്ക് തിരഞ്ഞപ്പോൾ അയാളുടെ ചാദുറിൽനിന്ന് ഒരു മാല കണ്ടെടുത്തു. അത് അയാൾ വഞ്ചിച്ചെടുത്തതാണ്. പിന്നീട് അവർ ആ മാല തിരിച്ചുനല്കിയപ്പോൾ നബി(സ)തിരുമേനി അവരുടെ അടുത്തും പോയി. അവർക്കുവേണ്ടിയും ദുആ ചെയ്തു. (അൽമുഅ്ജബുൽ കബീർ ലിത്ത്വബ്റാനി, വാല്യം 22, പേജ് 195, അബൂബുർദ ബിൻ നിയ്യാർ ഹദഥ് 511 പ്രസാധകർ ദാറു അഹ്‌യാത്തുറാബുൽഅറബി ബേറൂത്ത് 2002)

ഹദ്‌റത്ത് അബൂ ബുർദ(റ) ഹദ്‌റത്ത് അലിക്കൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. അദ്ദേഹത്തിന്റെ വഫാത്തായത് മുആവിയ്യായുടെ ആരംഭ കാലഘട്ടത്തിലാണ്. അദ്ദേഹം വഫാത്തായ വർഷത്തെ സംബന്ധിച്ച് വിവിധ നിവേദനങ്ങളുണ്ട്. ഒരു നിവേദനമനുസരിച്ച് ഹിജ്റ 41 ലാണ് വഫാത്തായത്. മറ്റു നിവേദനങ്ങളിൽ ഹിജ്റ 42 എന്നും 45 എന്നും വന്നിട്ടുണ്ട്. (ഇസ്വാബ വാല്യം7, പേജ് 32, അബൂ ബുർദ ബിൻ നിയ്യാർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്‌റത്ത് ബറാഅ് ബിൻ ആസിബ് നിവേദനം: നബി(സ) തിരുമേനി ബലിപെരുന്നാൾ ദിവസത്തിലെ നമസ്കാരത്തിനുശേഷം ഞങ്ങളെ അഭിസംബോധനചെയ്ത് പറഞ്ഞു: ആരാണ് നമ്മെ പോലെ നമസ്കരിക്കുകയും നാം ബലി നല്കിയതുപോലെ ബലി നല്കുകയും ചെയ്യുന്നത്, അയാൾ ശരീയായ രീതിയിലാണ് ബലി നല്കിയത്. എന്നാൽ, ആരാണ് നമസ്കാരത്തിന് മുമ്പേ ബലി നല്കിയത്, ആ മൃഗം മാംസത്തിന് മാത്രമുള്ളതാകുന്നു. അതായത് അത് ബലി ആകുകയില്ല. അതിൽ ഹദ്‌റത്ത് അബൂ ബുർദ ബിൻ നിയാർ എഴുന്നേറ്റ് പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ ദൂതരേ! ഞാൻ നമസ്കാരത്തിന് പുറപ്പെടുന്നതിന് മുമ്പേ ബലി നല്കി. ഇന്ന് കഴിക്കുന്നതിന്റെയും കുടിക്കുന്നതിന്റെയും ദിവസമാണെന്ന് ഞാൻ മനസിലാക്കി. അതിനാൽ ഞാൻ ധിറുതി കാണിക്കുകയും സ്വയം ഭക്ഷിക്കുകയും ചെയ്തു. അതുപോലെ കുടുംബാംഗങ്ങളെയും അയൽവാസികളെയും കഴിപ്പിക്കുകയും ചെയ്തു. നബി(സ)തിരുമേനി പറഞ്ഞു: ആ ആട് മാംസത്തിന് വേണ്ടിയുള്ളത് മാത്രമായിരുന്നു. അത് നിന്റെ ബലി ആകുകയില്ല. അപ്പോൾ ഹദ്‌റത്ത് അബൂ ബുർദ പറഞ്ഞു: എന്റെ പക്കൽ ഒരു വർഷം പ്രായമുള്ള ചെറിയ പെണ്ണാടുണ്ട്. അത് സാധാരണ രണ്ട് ആടിനെക്കാൾ മുന്തിയതാണ്. നല്ലതുപോലെ പരിപാലിക്കപ്പെട്ടതാണ്. എന്നാൽ, അതിന്റെ പ്രായം ഒരു വർഷം മാത്രമാണ്. സാധാരണ രണ്ട് ആടുകളെ വച്ച് നോക്കിയാൽ മുന്തിയതും തടിച്ച് കൊഴുത്തതുമാണ്. അത് എനിക്ക് ബലി നല്കാൻ മതിയായതാണോ? നബി(സ)തിരുമേനി പറഞ്ഞു: ശരി, നീ അതിനെ ബലി നല്കുക. എന്നാൽ, നിനക്ക് ശേഷം ആർക്കും അത് മതിയാകുകയില്ല. അതായത് ഈ (ഒരു പെണ്ണാടിനെ മാത്രം ബലി ചെയ്യാനുള്ള) അനുവാദം നിനക്കുള്ളത് മാത്രമാണ്. (സ്വഹീഹുൽ ബുഖാരി, കിതാബുൽ ഈദയ്ൻ, ബാബു കലാമുൽഇമാം വന്നാസ് ഫിൽ ഖുത്ബത്തിൽ ഈദ് ഹദീഥ് 983). നിനക്കുമാത്രമാണ് ഈ അനുവാദം, നിനക്കുശേഷം മറ്റാർക്കും അനുവാദമുണ്ടായിരിക്കുകയില്ല.

രണ്ടാമത്തെ ഹദീഥും ഇതുതന്നെയാണ് പറയുന്നത്. ഒന്ന് പെരുന്നാളിനുശേഷം ബലിയറുക്കുക. രണ്ടാമത്തേത് ആടിനെ അറുക്കുന്നതിന് ഒരു പ്രായമുണ്ട്. അത് നടപ്പിൽ വരുത്തേണ്ടതാണ്. ഈ മറുപടി നബി(സ)തിരുമേനി പറഞ്ഞത് താങ്കൾക്കുശേഷം മറ്റാർക്കും ഇതിന് അനുവാദമില്ലെന്നാണ്. ഇതുസംബന്ധമായി ഒരിക്കൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ സദസ്സിൽ ബലിയറുക്കുന്ന മൃഗത്തിന്റെ പ്രായം എത്രയായിരിക്കണമെന്ന ചോദ്യമുണ്ടായി. അപ്പോൾ ഹദ്‌റത്ത് ഖലീഫ അവ്വലിനോടു മസീഹ് മൗഊദ്(അ) പറഞ്ഞു, താങ്കൾ ഇതിന് മറുപടി പറയുക. അദ്ദേഹം പറഞ്ഞു: അഹ്‌ലെ ഹദീഥുകാരുടെ അഭിപ്രായത്തിൽ രണ്ടുവയസ്സാകണം. (മൽഫൂദാത്ത് വാല്യം 10, പേജ് 100)

നമ്മുടെ രാജ്യത്തുള്ള സമ്പ്രദായം മുമ്പിലെ രണ്ടുവലിയ പല്ലുകൾ വരണമെന്നാണ്. ആ നേരത്ത് നബി(സ)തിരുമേനി ഹദ്‌റത്ത് അബൂബുർദയോടു പറഞ്ഞു: 'ഒരുവർഷം പ്രായമുള്ള നിന്റെ ആടിന്റെ ബലി ഞാൻ സ്വീകരിക്കുന്നു. പക്ഷേ, ഭാവിയിൽ ആർക്കും അത് അനുവദനീയമല്ല. ബലിയ്ക്ക് യുവത്വമുള്ള ആണാടോ പെണ്ണാടോ ആയിരിക്കേണ്ടതാണ്. ഈ രീതിയാണ് ജമാഅത്തിലുള്ളത്. അല്ലെങ്കിൽ നമ്മുടെ ഫത്‌വയിലുള്ളത്. ഞാൻ പറഞ്ഞതുപോലെ, ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ.

ഇനി ഹദ്‌റത്ത് അസ്അദ് ബിൻ യസീദിനെ കുറിച്ചുള്ള വിവരണമാണ്. ഹദ്‌റത്ത് അസ്അദിന്റെ പിതാവിന്റെ പേര് യസീദ് ബിൻ അൽ ഫാകിഹ് എന്നായിരുന്നു. അൻസ്വാറുകളുടെ ഗോത്രമായ ഖസ്‌റജിന്റെ ശാഖ ബനൂ സുറയ്ഖയുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. അല്ലാമ ഇബ്നു ഇസ്ഹാഖ് അസ്അദിനുപകരം സഅ്ദ് ബിൻ യസീദിന്റെ പേര് ബദ്ർ സ്വഹാബാക്കളിൽ എഴുതിയിരിക്കുന്നു. ഹദ്‌റത്ത് അസ്അദ് ബിൻ യസീദിന്റെ പേരിനെക്കുറിച്ച് വിവിധ അഭിപ്രായങ്ങളുണ്ട്. ചിലർ അദ്ദേഹത്തിന്റെ പേര് സഅദ് ബിൻ യസീദ്, സഅ്ദ് ബിൻ അൽഫാകിഹ്, സഅ്ദ് ബിൻ യസീദ് എന്നിങ്ങനെ പറഞ്ഞിട്ടുണ്ട്. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 445, അസ്ദ് ബിൻ യസീദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാല്യം 3, പേജ് 450, സഅ്ദ് ബിൻ അൽഫാക്ക, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

മറ്റൊരു ബദ്‌രീ സഹാബിയാണ് ഹദ്‌റത്ത് തമീം ബിൻ യഅ്ആർ അൻസ്വാരി. ഹദ്‌റത്ത് തമീമിന്റെ പിതാവിന്റെ പേര് യഅ്ആർ എന്നായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം അൻസ്വാറിലെ ഗോത്രമായ ഖസ്‌റജിന്റെ ശാഖ ബനൂ ജദ്ദാറ ബിൻ ഔഫ് ബിൻ അൽഹാരിഥുമായിട്ടായിരുന്നു. അദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹദ്‌റത്ത് തമീമിന്റെ മക്കളിൽ മകൻ രിബ്അയും മകൾ ജമീലയുമുണ്ടായിരുന്നു. അവരുടെ മാതാവ് ബനൂഅംറ് ഗോത്രത്തിൽനിന്നായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 407, തമീം ബിൻ യഅ്ആർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഇനി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്‌റത്ത് ഔസ് ബിൻ ഥാബിത്ത് ബിൻ മുൻദിർ എന്നാണ്. അദ്ദേഹം അൻസ്വാരിയായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ ശദ്ദാദ് എന്നായിരുന്നു. ഹദ്‌റത്ത് ഔസിന്റെ പിതാവിന്റെ പേര് ഥാബിത് എന്നായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് സുഖ്ത്വാ ബിൻത് ഹാരിഥ എന്നായിരുന്നു. അദ്ദേഹം പ്രസിദ്ധനായ സഹാബി ഹദ്‌റത്ത് ശദ്ദാദ് ബിൻ ഔസിന്റെ പിതാവായിരുന്നു. അൻസ്വാറിലെ ഗോത്രമായ ബനൂ അംറ് ബിൻ മാലിക് ബിൻ നജ്ജാറുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. വിശ്വസിക്കുകയും ചെയ്തു. അദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. പ്രസിദ്ധ കവിയായിരുന്ന ഹദ്‌റത്ത് ഹസ്സാൻ ബിൻ ഥാബിത്തിന്റെയും ഹദ്‌റത്ത് ഉബയ് ബിൻ ഥാബിത്തിന്റെയും സഹോദരനായിരുന്നു അദ്ദേഹം. ഹദ്‌റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ ഹിജ്റത്തു ചെയ്ത് മദീനയിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ വീട്ടിലായിരുന്നു താമസിച്ചത്. നബി(സ)തിരുമേനി ഹദ്‌റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനേയും ഹദ്‌റത്ത് ഔസ് ബിൻ ഥാബിത്തിനേയും സഹോദരന്മാരാക്കി. അദ്ദേഹത്തിന്റെ വഫാത്ത്, അദ്ദേഹത്തിന്റെ ശഹാദത്ത് ഉഹുദ് യുദ്ധ

ത്തിലായിരുന്നുവെന്ന് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മുഹമ്മദ് ബിൻ ഉമ്മാറ അൻസ്വാരി പറയുന്നു. മറ്റു ചിലർ ഭിന്നാഭിപ്രായവും പ്രകടിപ്പിച്ചിട്ടുണ്ട്. പക്ഷേ, ദുർബലരായ നിവേദകരാണ് ഭിന്നാഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളത്. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 382,41 ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), ഔസ് ബിൻ താബിത്ത്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

മറ്റൊരു സ്വഹാബിയാണ് ഹദ്റത്ത് ഥാബിത്ത് ബിൻ ഖൻസാഅ്. ഇദ്ദേഹത്തിന്റെ ബന്ധം ബനൂ ഗനം ബിൻ അദിയ്യ് ബിൻ നജ്ജാറുമായിട്ടായിരുന്നു. ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചു. അദ്ദേഹത്തെ കുറിച്ച് ഇത്രമാത്രമേ വിവരം ലഭിച്ചിട്ടുള്ളു. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 389, ഥാബിത് ബിൻ ഖൻസഃ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ഔസ് ബിൻ അസ്സാമിത്ത്(റ) ബദ്റിലെ ഒരു സ്വഹാബിയാണ്. ഹദ്റത്ത് ഔസ് ബിൻ അസ്സാമിത്ത്(റ) ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തിന്റെ സഹോദരനായിരുന്നു. ഹദ്റത്ത് ഔസ് ബദ്ർ, ഉഹുദ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. നബി(സ)തിരുമേനി ഹദ്റത്ത് ഔസ് ബിൻ സാമിത്തിനേയും ഹദ്റത്ത് മർഥദ് ബിൻ ഈ മർഥദ് അൽഗനവിയേയും സഹോദരരന്മാരാക്കി. നിവേദനങ്ങളിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഔസ്(റ) തന്റെ ഭാര്യ ഖുവയ്ല ബിൻത് മാലിക്കിനെ ളിഹാർ(ഭാര്യയോടു നീ എന്റെ ഉമ്മയാണെന്നോ പെങ്ങളാണെന്നോ പറയൽ) ചെയ്തിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 413, ഔസ് ബിൻ സ്വാമിത്ത്(റ) പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാല്യം 1, പേജ് 323, ഔസ് ബിൻ സ്വാമിത്ത്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അറബികൾക്കിടയിലുണ്ടായിരുന്ന ഒരു സമ്പ്രദായമാണ് 'ളിഹാർ'. തന്റെ ഭാര്യയെ മാതാവെന്ന് പറയുക, അല്ലെങ്കിൽ സഹോദരിയെന്നു പറയുക! ഇങ്ങനെ പറഞ്ഞതിനുശേഷം ഭാര്യയുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെടുന്നത് നിഷിദ്ധമാക്കിയിരുന്നു. അതായത് നീ എന്റെ ഉമ്മയാണ്. അതുകൊണ്ട് ശാരീരികബന്ധം ഹറാമാണെന്ന്! ഇസ്‌ലാം ഈ സമ്പ്രദായം ഇല്ലാതാക്കി. ഈ വാക്യം പറയുന്നതുകൊണ്ട് ത്വലാഖാകുകയില്ലെന്ന് അത് കല്പിച്ചു. ഇത് നിരർഥ കാര്യമാണ്. ഇതിനുള്ള ശിക്ഷയായി ഇസ്‌ലാം പ്രായശ്ചിത്തം നിശ്ചയിച്ചിരിക്കുന്നു. ഹദ്റത്ത് ഔസ്(റ) പ്രായശ്ചിത്തം നിറവേറ്റിയില്ല. പ്രായശ്ചിത്തം ചെയ്യുന്നതിനു മുമ്പേ തന്റെ ഭാര്യയുമായി ശാരീരികബന്ധത്തിലേർപ്പെട്ടു. അതറിഞ്ഞ നബി(സ)തിരുമേനി താങ്കൾ ചെയ്തത് തെറ്റാണെന്ന് പറഞ്ഞു. 15 സ്വാഅ് അതായത് 60 മിസ്ക്കീന്മാർക്ക് ഭക്ഷണം നല്കുക. അതായത് അതിനുള്ള പ്രായശ്ചിത്തം 60 സാധുക്കൾക്ക് ഭക്ഷണം നല്കുക എന്നതാണ്. ളിഹാറിനെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ ഇങ്ങനെ കല്പനയുണ്ട്. അല്ലാഹു പറയുന്നു:

*അല്ലദീന യുളാഹിറൂന മിൻകും മ്മിൻനിസാഇഹിം മ്മാഹുന്ന ഉമ്മഹാത്തിഹിം ഇൻ ഉമ്മഹാത്തുഹും ഇല്ലല്ലാഈ വലദ്നഹും വ ഇന്നഹും ലയഖൂലൂന മുൻകറൻ മ്മിനൽഖൗലി വസൂറാ വ ഇന്നല്ലാഹ ല അഫുഉൻ ഗഫൂർ– വല്ലദീന യുളാഹിറൂന മിൻ നിസാഇഹിം ഥുമ്മ യഊദൂന ലിമാഖാലൂ ഫതഹ്‌രീറു റഖബത്തിൻ മ്മിൻ ഖബ്‌ലി അൻയ്യത്ത മാസാ ദാലിക്കും തൂഅളൂന ബിഹി വല്ലാഹു ബിമാ തഅ്മലൂന ഖബീർ– ഫമൻല്ലം യജിദ് ഫസിയാമു ശഹ്റയ്നി മുത്തത്താബി അയ്നി മിൻ ഖബ്‌ലി അൻയ്യത്ത മാസാ ഫമൻല്ലം യസ്തത്വിഅ് ഫഇത്ആമു സിത്തീന മിസ്ക്കീനാ ദാലിക്ക ലിതുഅ്മിനൂ ബില്ലാഹി വ റസൂലിഹി വ തിൽക്ക ഹുദൂദുല്ലാഹി വലിൽകാഫിരീന അദാബുൻ അലീം.*

നിങ്ങളിൽനിന്ന് തങ്ങളുടെ ഭാര്യമാരെ തങ്ങളുടെ മാതാക്കളെന്ന് പ്രഖ്യാപിച്ചു വിടുന്നവർ (അറിഞ്ഞിരിക്കട്ടെ), അവർ അവരുടെ മാതാക്കളല്ല. അവരെ പ്രസവിച്ച സ്ത്രീകൾ തന്നെയാണ് അവരുടെ മാതാക്കൾ. തീർച്ചയായും അവർ നിഷിദ്ധവും വ്യാജവുമായ വാക്കാണ് പറയുന്നത്. എന്നാൽ, നിശ്ചമായും അല്ലാഹു വളരെ മാപ്പു നല്കുന്നവനും സർവഥാ പൊറുത്തുകൊടുക്കുന്നവനുമാകുന്നു.

തങ്ങളുടെ ഭാര്യമാരെ മാതാക്കളായി പ്രഖ്യാപിക്കുകയും പിന്നീട് തങ്ങൾ പറഞ്ഞതിലേക്ക് തിരിച്ചുചെല്ലുകയും ചെയ്യുന്നവർ അവരിരുവരും പരസ്പരം സ്പർശിക്കുന്നതിനു മുമ്പേ ഒരു അടിമയെ സ്വതന്ത്രമാക്കേണ്ടതാണ്. നിങ്ങൾക്ക് നൽകപ്പെടുന്ന ഉപദേശമാണിത്. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിവുള്ളവനാകുന്നു.

എന്നാൽ, ആരെങ്കിലും (അതിനു മാർഗം) കണ്ടെത്തിയില്ലെങ്കിൽ അവരിരുവരും പരസ്പരം സ്പർശിക്കുന്നതിനു മുമ്പേ രണ്ടുമാസം തുടർച്ചയായി നോമ്പനുഷ്ഠിക്കേണ്ടതാണ്. ആർക്കെങ്കിലും (അതും) സാധ്യമായില്ലെങ്കിൽ അറുപത് അഗതികൾക്ക് ആഹാരം നൽകേണ്ടതാണ്; നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കാൻ വേണ്ടിയാണിത്. ഇവ അല്ലാഹുവിന്റെ നിയമപരിധികളാണ്. അവിശ്വാസികൾക്ക് വേദനാജനകമായ ശിക്ഷയുണ്ട്(58:3-5)

ഇതിന്റെ തർജമ ഹദ്റത്ത് മസീഹ് മൗഊദ് (അ) ചെയ്തിട്ടുള്ളതിങ്ങനെയാണ്.

തന്റെ ഭാര്യയെ മാതാവാണെന്ന് പറഞ്ഞ് കുത്തിയിരിക്കുന്നവൻ യഥാർഥത്തിൽ അവർ അവന്റെ മാതാവാകുകയില്ല. അവനെ പ്രസവിച്ചയാളാണ് അവന്റെ മാതാവ്. അതിനാൽ അവർ പറയുന്നത് ബുദ്ധിപരമല്ല. അടിമുടി കളവുമാണ്. അല്ലാഹു മാപ്പു നല്കുന്നവനാണ്. പൊറുത്തുകൊടുക്കുന്നവനുമാണ്. മാതാവെന്ന് പറഞ്ഞ് കുത്തിയിരിക്കുകയും പിന്നീട് അതിൽനിന്ന് പിന്മാറുകയും ചെയ്യുന്നവർ തന്റെ ഭാര്യയെ സ്പർശിക്കുന്നതിനുമുമ്പേ ഒരു അടിമയെ മോചിപ്പിക്കണം. എല്ലാ വിവരങ്ങളും നന്നായി അറിയുന്ന അല്ലാഹുവിൽനിന്നുള്ള ഉപദേശമാണിത്. അടിമയെ മോചിപ്പിക്കാൻ കഴിവില്ലെങ്കിൽ തന്റെ ഭാര്യയെ സ്പർശിക്കുന്നതിനുമുമ്പേ രണ്ടുമാസം തുടർച്ചയായി നോമ്പുപിടിക്കുക. നോമ്പുപിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ 60 അഗതികൾക്ക് ആഹാരം നല്കേണ്ടതാണ്." (ആര്യധർമ്, റൂഹാനീഖസായിൻ, വാല്യം 10, പേജ് 50)

അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് ഖുവയ്ല ബിൻത് മാലിക് ബിൻ ഥഅ്ലബയിൽനിന്ന് നിവേദനം: അവർ പറയുന്നു: എന്റെ ഭർത്താവ് ഔസ് ബിൻ സ്വാമിത്ത് എന്നെ ളിഹാർ ചെയ്തു. ഞാൻ നബി(സ) തിരുമേനിയോടു പരാതി ബോധിപ്പിച്ചു. നബി(സ)തിരുമേനി അല്ലാഹുവിൽ തഖ്‌വയുള്ളവളായിരിക്കാൻ എന്നോടു പറഞ്ഞു. അദ്ദേഹം നിന്റെ കൊച്ചാപ്പായുടെ മകനുമാണ്. അങ്ങനെ വിശുദ്ധഖുർആനിൽ ഈ ആയത്തിറങ്ങി. നബി(സ)തിരുമേനി പറഞ്ഞു, മാതാവ് എങ്ങനെയാകാനാണ്? അദ്ദേഹം നിന്റെ കൊച്ചാപ്പയുടെ മകനാണ്. നീ അദ്ദേഹത്തിന്റെ ഭാര്യയാണ്. എന്തായാലും ഞാൻ നിർബന്ധിച്ചു. അങ്ങനെ വിശുദ്ധഖുർആനിൽ ആയത്തിറങ്ങി: *ഖദ് സമിഅല്ലാഹു ഖൗലല്ലത്തീ തുജാദിലുക്ക ഫീ സൗജിഹാ* (58:2) തന്റെ ഭർത്താവിനെ സംബന്ധിച്ച് നിന്നോട് വാദിക്കുന്ന ആ സ്ത്രീയുടെ വാക്ക് അല്ലാഹു കേട്ടിരിക്കുന്നു.

നബി(സ) തിരുമേനി പറഞ്ഞു: നിന്റെ ഭർത്താവ് ഒരു അടിമയെ സ്വതന്ത്രനാക്കണം. അതിനുള്ള ശിക്ഷ ഈ ആയത്തിൽ പറഞ്ഞിട്ടുള്ളത് അതാണ്; വിശുദ്ധഖുർആൻ കല്പിച്ചിട്ടുള്ളതുപോലെ! അതിനുശേഷം മുമ്പേ പറഞ്ഞുകഴിഞ്ഞ വിശദീകരണമാണ്. ഒരു അടിമയെ മോചിപ്പിക്കുക. അവർ പറയുന്നു: ഞാൻ അപ്പോൾ പറഞ്ഞു, അയാൾക്ക് അതിനു കഴിവില്ല. അടിമയെ എവിടെന്ന് കൊണ്ടുവരാനാണ്? അയാൾ ദരിദ്രനാണ്. നബി(സ)തിരുമേനി പറഞ്ഞു. രണ്ടുമാസം തുടർച്ചയായി നോമ്പുപിടിക്കുക. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! തുടർച്ചയായി രണ്ടുമാസം നോമ്പുപിടിക്കാനുള്ള ശക്തി വയസ്സായതുകൊണ്ട് അദ്ദേഹത്തിനില്ല. അവിടന്ന് പറഞ്ഞു. അറുപത് അഗതികൾക്ക് ആഹാരം നല്കുക. അപ്പോൾ ഞാൻ പറഞ്ഞു: അയാളുടെ കൈയിൽ പണമൊന്നുമില്ല. അയാളുടെ കൈയിൽ സ്വദഖ കൊടുക്കാൻ ഒന്നുമില്ല. ഖുവയ്ല പറയുന്നു: ഞാൻ അവിടെ ഇരിക്കുകയായിരുന്നു. ആ നേരത്ത് ഈന്തപ്പഴത്തിന്റെ ഒരു സഞ്ചി കൊണ്ടുവന്നു. നബി(സ)തിരുമേനിയ്ക്ക് ആരോ കൊടുത്തതാണ്. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഈന്തപ്പഴത്തിന്റെ രണ്ടാമത്തെ സഞ്ചികൊണ്ട് അയാളെ ഞാൻ സഹായിക്കുന്നതായിരിക്കും. അതായത് ഇത് എനിക്ക് കിട്ടുകയാണെങ്കിൽ മറ്റൊന്ന് ഞാൻ സംഘടിപ്പിക്കാം. അവിടന്ന് പറഞ്ഞു: 'ശരി. ഇതുകൊണ്ടുപോയ്ക്കൊള്ളുക.' ഇതിൽനിന്ന് അയാൾക്കുവേണ്ടി 60 അഗതികൾക്ക് ഭക്ഷണം നല്കുക. പിന്നീട് നിന്റെ കൊച്ചാപ്പയുടെ മകന്റെ അടുക്കൽ പോകുക. (സുനൻ അബീദാവൂദ്, കിതാബുത്ത്വലാഖ് ബാബു ഫിള്ളിഹാർ, ഹദീഥ് 2214)

അതായത് നിന്റെ ഭർത്താവിന്റെ അടുത്തുപോകുക. അയാൾ പറയുന്നതുകൊണ്ട് നീ അയാളുടെ ഉമ്മയൊന്നുമാകുന്നില്ല. ഈ സ്വഹാബത്തിന്റെ ജീവചരിത്രം വിവരിക്കുമ്പോൾ ചില പ്രശ്നങ്ങളും അതിനോടൊപ്പം പരിഹരിക്കപ്പെടുന്നു.

ഹദ്റത്ത് ഇബ്നു അബ്ബാസ് വിവരിക്കുന്നു. ഹദ്റത്ത് ഔസ് ബിൻ സ്വാമിത്തിന്റേതാണ് ഇസ്‌ലാമിലുണ്ടായ ഏറ്റവും ആദ്യത്തെ ളിഹാർ. അതായത് ഭാര്യയെ മാതാവെന്ന് പറഞ്ഞത്. അദ്ദേഹം നിക്കാഹ് ചെയ്തത് അദ്ദേഹത്തിന്റെ കൊച്ചാപ്പായുടെ മകളെയായിരുന്നു. അവരെയാണ് അദ്ദേഹം ളിഹാർ ചെയ്തത് (ഉസുദുൽ ഗാബ, വാല്യം 1, പേജ് 323, ഔസ് ബിൻ സ്വാമിത്ത്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അല്ലാഹു ഈ പരിധികൾ സ്ഥാപിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും ഈ കാര്യമുണ്ടായിട്ടുണ്ട്. ഇങ്ങനെയാണ് അതിന്റെ ശിക്ഷയെന്ന് അവിടന്ന് പറഞ്ഞു. ഖലീഫ ഥാനി(റ)യുടെ കാലഘട്ടത്തിൽ ഇത്തരം ഒരു കാര്യമുണ്ടായി. ഇങ്ങനെയാണ് അതിന്റെ ശിക്ഷയെന്ന് അവിടന്നും പറഞ്ഞു; തീരെ ദരിദ്രനാഴികെ. കഴിവില്ലെങ്കിൽ ഇസ്തിഗ്ഫാർ ചെയ്യുക. കഴിയുന്നിടത്തോളം ശിക്ഷ നടപ്പിൽവരുത്തുക. എന്തായാലും ഭാര്യയെ ഉമ്മയെന്നോ സഹോദരിയെന്നോ പറയുന്നതിനെ വിലക്കിയിരിക്കുന്നു. അതിന് ശിക്ഷകൾ നിർണയിച്ചിരിക്കുന്നു. ഓരോ നിസാര കാര്യത്തിനും വഴക്കിടുന്ന ശീലം ചിലർക്കുണ്ട്. അപ്പോൾ 'നീ എനിക്ക് നിഷിദ്ധമായിരിക്കുന്നുവെന്നും നീ എനിക്ക് എന്റെ മാതാവിനെപോലെയാണെന്നും പറയുന്നു. നീ ഇന്നവളാണെന്ന് ആണയിടുന്നു. ഈ എല്ലാ ശപഥത്തിനും ശിക്ഷ നിശ്ചയിച്ചിരിക്കുന്നു. ആരെങ്കിലും അങ്ങനെ പറഞ്ഞാൽ ശിക്ഷയു

ണ്ട്, അടിമയെ മോചിപ്പിക്കുക. നോമ്പുപിടിക്കുക, അഗതികൾക്ക് ഭക്ഷണം നല്കുക.

ഹദ്റത്ത് ഔസ് ബിൻ സാമിത്ത് ഒരു കവി കൂടിയായിരുന്നു. ഹദ്റത്ത് ഔസ് ബിൻ സാമിത്തും ശദ്ദാദ് ബിൻ ഔസും ബയ്ത്തുൽ മുഖദ്ദസിലേയ്ക്ക് താമസം മാറ്റിയിരുന്നു. അദ്ദേഹം പുണ്യഭൂമിയായ ഫലസ്തീനിലെ റമല എന്ന സ്ഥലത്ത് വച്ച് 34 ഹിജ്രിയിൽ വഫാത്തായി. ആ സമയം അദ്ദേഹത്തിന് 72 വയസ്സ് ഉണ്ടായിരുന്നു.(ഉസുദുൽ ഗാബ, വാള്യം 1, പേജ് 323, ഔസ് ബിൻ സാമിത്ത്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അടുത്ത സ്വഹാബിയുടെ പേര് ഹദ്റത്ത് അർഖം ബിൻ അബീ അർഖം എന്നാണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ് എന്നായിരുന്നു. ഹദ്റത്ത് അർഖമിന്റെ മാതാവിന്റെ പേര് ഉമയ്മ ബിൻത് ഹാരിഥ് എന്നായിരുന്നു. ചില നിവേദനങ്ങളിൽ അവരുടെ പേര് തുമാളിർ ബിൻത് ഹുദയിം എന്നും സ്വഫിയ ബിൻത് ഹാരിഥ് എന്നും പറഞ്ഞിട്ടുണ്ട്.

ഹദ്റത്ത് അർഖമിന്റെ ബന്ധം ബനൂമഖ്സൂം ഗോത്രവുമായിട്ടാണ്. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ച ആദ്യകാല സ്വഹാബാക്കളിൽപ്പെട്ടയാളാണ്. ചിലരുടെ അഭിപ്രായപ്രകാരം അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പേ 11 വ്യക്തികൾ ഇസ്‌ലാം സ്വീകരിച്ചിരുന്നു. ചിലർ പറയുന്നത് അദ്ദേഹം ഏഴാമതാണ് ഇസ്‌ലാം സ്വീകരിച്ചതെന്നാണ്. ഹദ്റത്ത് ഉർവ ബിൻ സുബയ്ർ നിവേദനം: ഹദ്റത്ത് അർഖം, ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്, ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ എന്നിവർ ഒരുമിച്ചാണ് ഇസ്‌ലാം സ്വീകരിച്ചത്. ഹദ്റത്ത് അർഖമിന് സ്വഫാ മലയിൽ ഒരു വീടുണ്ടായിരുന്നു. ചരിത്രത്തിൽ അത് ദാറുൽ അർഖം എന്ന പേരിൽ അറിയപ്പെടുന്നു. ആ ഭവനത്തിൽ നബി(സ) തിരുമേനിയും ഇസ്‌ലാം സ്വീകരിച്ച ആളുകളും ഇബാദത്തുകൾ നിർവഹിച്ച് കൊണ്ടിരുന്നു. അവിടെയാണ് ഹദ്റത്ത് ഉമറും ബയ്അത്ത് ചെയ്തത്. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതിനുശേഷം മുസ്‌ലീംകളുടെ അംഗസംഖ്യ 40 ആയി. അവർ ആ വീട്ടിൽനിന്ന് പുറത്തിറങ്ങിയിരുന്നു. ഈ വീട് ഹദ്റത്ത് അർഖമിന്റെ ഉടമസ്ഥതയിൽ നിന്നു. പിന്നീട് അദ്ദേഹത്തിന്റെ പൗത്രന്മാർ ഈ വീട് അബൂ ജഅ്ഫർ മൻസൂറിന് വിറ്റു. (ഉസുദുൽ ഗാബ, വാള്യം 1, പേജ് 197, അർക്കം ബിൻ അബീ അൽഅർക്കം(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).(ഇസ്വാബ വാള്യം1, പേജ് 179, അബീ ബിൻ ഥാബിത്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).(മുസ്തദർക്ക് അല സ്സ്വഹീഹയ്ൻ, വാള്യം 3, പേജ് 574, കിതാബുമഅ്രിഫത്തുസ്സ്വഹാബ, ദിക്ർ അർക്കം ബിൻ അബീ അൽഅർക്കം, ഹദീഥ് 6127, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

ഇതു സംബന്ധമായി സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതിയിട്ടുണ്ട്. വിശദീകരണമിതാണ്. ഇസ്‌ലാമിന്റെ ആദ്യത്തെ തബ്ലീഗ് കേന്ദ്രം അതായത് ദാറു അർഖമിനെ സംബന്ധിച്ച് അവിടന്ന് എഴുതുന്നു:

മക്കയിൽ ഒരു തബ്ലീഗ് കേന്ദ്രം സ്ഥാപിക്കണമെന്നുള്ള ചിന്ത നബി(സ)യ്ക്കുണ്ടായി. മുസ്‌ലിംകൾക്ക് ഒരു തടസവും കൂടാതെ നമസ്ക്കാരത്തിനും മറ്റും ഒരുമിച്ചു കൂടണം. ശാന്തിയോടും സമാധാനത്തോടും കൂടി നിശബ്ദമായി ഇസ്‌ലാമിന്റെ തബ്ലീഗ് കൃത്യമായി നടത്തുകയും വേണം. അതിനെല്ലാം വേണ്ടി നബി(സ)തിരുമേനി ഒരു നവമുസ്‌ലിമായ ഹദ്റത്ത് അർഖമിന്റെ ഭവനം തിരഞ്ഞെടുത്തു. അത് സ്വഫാ മലയുടെ ചരിവിലാണ് സ്ഥിതി ചെയ്തിരുന്നത്. അതിനുശേഷം എല്ലാ മുസ്‌ലികളും അവിടെ ഒത്തു കൂടുകയും അവിടെ നമസ്കരിക്കുകയും അവിടെത്തന്നെ സത്യന്വേഷികൾ വരികയും ചെയ്തു പോന്നു." അതായത് ദീനിനെ അന്വേഷിച്ചുനടന്നവരും ഇസ്‌ലാമിന്റെ സന്ദേശം കേട്ടിരുന്നവർ കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനും വരാറുണ്ടായിരുന്നു. അല്ലെങ്കിൽ നബി(സ)തിരുമേനിയിൽ നിന്ന് അനുഗ്രഹം തേടുന്നതിന് എത്തിയിരുന്നു." നബി(സ)തിരുമേനി അവരെ തബ്ലീഗ് ചെയ്യുമായിരുന്നു. ഇക്കാരണത്താൽ ഈ ഭവനത്തിന് ചരിത്രത്തിൽ വലിയ പ്രാധാന്യം നല്കപ്പെടുന്നു. ദാറുൽ ഇസ്‌ലാം എന്ന പേരിലും ഇത് പ്രസിദ്ധമാണ്.

നബി(സ)തിരുമേനി ഏകദേശം മൂന്നുവർഷം വരെ ദാറു അർക്കമിൽ പ്രവൃത്തിച്ചു. അതായത് നുബുവ്വത്തിന്റെ നാലാമത്തെ വർഷം അവിടന്ന് അതിനെ തന്റെ കേന്ദ്രമാക്കി. 6-ാമത്തെ വർഷത്തിന്റെ അവസാനംവരെ അവിടന്ന് അതിൽ തന്റെ ജോലികൾ നിർവഹിച്ചു." തന്റെ ദൗത്യം തുടർന്നുകൊണ്ടുപോയി."ചരിത്രകാരന്മാർഎഴുതുന്നു, ദാറു അർഖമിൽ ഇസ്‌ലാം വിശ്വസിച്ചവരിൽ അവസാനത്തെയാൾ ഉമർ(റ) ആയിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതോടെ മുസ്‌ലീംകൾക്ക് വളരെ ശക്തി ലഭിച്ചു. അവർ ദാറു അർഖമിൽനിന്നിറങ്ങി പരസ്യമായി തബ്ലീഗ് ചെയ്യാൻ തുടങ്ങി.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 129)

മദീന ഹിജ്റത്തിനു ശേഷം നബി(സ)തിരുമേനി ഹദ്റത്ത് അർഖമനേയും(റ), ഹദ്റത്ത് അബൂ ത്വൽഹ സയ്ദ് ബിൻ സഹ്‌ലിനേയും സഹോദരന്മാരാക്കി.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 185, അർക്കം ബിൻ അബീ അൽ അർക്കം(റ) പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് അർഖം ബദ്ർ യുദ്ധത്തിൽ നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. നബി(സ)തിരുമേനി ബദ്റിലെ ഗനീമത്തു മുതലിൽനിന്ന് ഒരു വാൾ അദ്ദേഹത്തിന് നല്കിയിരുന്നു. ഹദ്റത്ത് അർഖം ബദ്ർ, ഉഹുദ് ഉൾപ്പടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. നബി(സ)തിരുമേനി അദ്ദേഹത്തിന് മദീനയിൽ ഒരു വീടും നല്കിയിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി അദ്ദേഹത്തെ സ്വദഖ പിരിക്കുന്നതിനുവേണ്ടിയും നിശ്ചയിച്ച് അയച്ചിരുന്നു.(ഉസുദുൽ ഗാബ, വാള്യം 1, പേജ് 198, അർക്കം ബിൻ അബീ അൽഅർക്കം(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).(ഇസ്വാബ വാള്യം1, പേജ് 187, അബീ ബിൻ ഥാബിത്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

അതുപോലെ അദ്ദേഹം ഹിൽഫുൽ ഫുളൂൽ ഉടമ്പടിയിൽ പങ്കെടുത്തിരുന്നു.(ഇസ്തീആബ്, വാള്യം 1, പേജ് 131, അർഖം ബിൻ അബീ അൽ അർഖം, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)സാധുക്കളെ സഹായിക്കുന്നതിനുവേണ്ടി ഇസ്‌ലാമിനുമുമ്പേ മക്കയിലെ വലിയ ആളുകൾ ചേർന്ന് ചെയ്ത ഒരു പ്രതിജ്ഞയായിരുന്നു അത്. അതിൽ നബി(സ)തിരുമേനിയും പങ്കെടുത്തിരുന്നു. ഹദറത്ത് അർഖമിന്റെ മകൻ ഉഥ്മാൻ ബിൻ അർഖം നിവേദനം ചെയ്യുന്നു, എന്റെ പിതാവ് വഫാത്തായത് ഹിജ്റ 53ൽ ആയിരുന്നു. അപ്പോൾ അദ്ദേഹത്തിന് 83 വയസായിരുന്നു. ചിലയാളുകൾ പറയുന്നത് അദ്ദേഹം ഹിജ്റ 55 ലാണ് വഫാത്തായതെന്നാണ്. പ്രായത്തിനെക്കുറിച്ചും അഭിപ്രായ വ്യത്യാസമുണ്ട്. 80 ആയിരുന്നുവെന്നും അതല്ല അതിനെക്കാൾ കുറച്ചു കൂടുതലാണെന്നും. ഹദ്റത്ത് അർഖം(റ) തന്റെ ജനാസ ഹദ്റത്ത് സഅ്ദ് ബിൻ അബി വഖാസ് നിർവഹിക്കണമെന്ന് വസിയ്യത്ത് ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഹദ്റത്ത് സഅ്ദ്(റ) 'അഖീഖ്'എന്ന സ്ഥലത്തായിരുന്നു. അത് അവിടെനിന്ന് ദൂരെയായിരുന്നു. നബി(സ)തിരുമേനിയുടെ സ്വഹാബിയെ സ്ഥലത്ത് ഇല്ലാത്ത ഒരാൾ കാരണത്താൽ മറവു ചെയ്യാതിരിക്കുന്നതെങ്ങനെ' എന്ന് മർവാൻ(റ) ചോദിച്ചു. ആൾ സ്ഥലത്തില്ല. അതുകൊണ്ട് സ്വഹാബിയുടെ മയ്യിത്തിനെ അയാൾ വരുന്നതുവരെ വെക്കാൻ പറ്റില്ല. അദ്ദേഹം സ്വയം ജനാസനമസ്കരിപ്പിക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ, ഉബയ്ദുല്ലാഹ് ബിൻ അർഖം മർവാൻ പറഞ്ഞത് സ്വീകരിച്ചില്ല. ഹദ്റത്ത് സഅ്ദ് ബിൻ അബി വഖാസ് വന്നപ്പോൾ ഹദ്റത്ത് അർഖമിന്റെ ജനാസ നമസ്കാരം നിർവഹിച്ചു. ജന്നത്തുൽബഖീയിൽ മറവുചെയ്തു. (ഉസുദുൽ ഗാബ, വാള്യം 1, പേജ് 188, അർക്കം ബിൻ അബീ അൽഅർക്കം (റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അദ്ദേഹത്തെ സംബന്ധിച്ച് ഒരു രിവായത്ത് ഇങ്ങനേയമുണ്ട്. ഒരിക്കൽ ഹദ്റത്ത് അർഖം (റ)ബയ്ത്തുൽമുഖദ്ദസിൽ പോകുന്നതിനുവേണ്ടി വസ്ത്രം ധരിച്ചു. തയ്യാറെടുപ്പ് നടത്തി. നബി (സ)തിരുമേനിയുടെ അടുത്തുവന്ന് യാത്ര ചോദിച്ചു. നബി(സ)തിരുമേനി അന്വേഷിച്ചു: താങ്കൾ ബയ്ത്തുൽമുഖദ്ദസിൽ എന്തെങ്കിലും ആവശ്യത്തിനോ അല്ലെങ്കിൽ വ്യാപരത്തിനോ ആണോ പോകുന്നത്? ഹദ്റത്ത് അർക്കം മറുപടി പറഞ്ഞു: യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്! അവിടെ നമസ്കരിക്കുക എന്ന നിയ്യത്തോടുകൂടിയാണ് പോകുന്നത്. അപ്പോൾ നബി(സ) പറഞ്ഞു: എന്റെ ഈ(മദീനയിലെ) മസ്ജിദിലെ ഒരു നമസ്കാരം കഅ്ബ ഒഴികെ മറ്റുള്ള മസ്ജിദുകളിലെ ആയിരം നമസ്കാരത്തെക്കാൾ ശ്രേഷ്ഠമാണ്. അതോടെ അദ്ദേഹം തന്റെ ഉദ്ദേശ്യം ഉപേക്ഷിച്ചു. (ഉസുദുൽ ഗാബ, വാള്യം 1, പേജ് 187, അർക്കം ബിൻ അബീ അൽഅർക്കം(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഞാൻ വിവരിക്കാൻ പോകുന്ന അടുത്ത സ്വഹാബിയുടെ പേര് ഹദ്റത്ത് ബസ്ബസ് ബിൻ അംറ് എന്നാണ്. ഒരു നിവേദനത്തിൽ അദ്ദേഹത്തിന്റെ പേര് ബസ്ബസ് ബിൻ ബിശ്ർ എന്നും വന്നിട്ടുണ്ട്. ഹദ്റത്ത് ബസ്ബസ് ജുഹ്നീ അൻസ്വാരിയുടെ ബന്ധം ബനൂ സായിദ ബിൻ കഅ്ബ് ബിൻ ഖസ്റജുമായിട്ടാണ്. ഉർവ ബിൻ സുബയ്ർ(റ) പറയുന്നതനുസരിച്ച് അദ്ദേഹത്തിന്റെ ബന്ധം ബനൂത്വരീഫ് ബിൻ ഖസ്റജുമായിട്ടാണ്. അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അൻസ്വാർ സ്വഹാബാക്കളിലാണ് അദ്ദേഹം ഗണിക്കപ്പെടുന്നത്. (ഉസുദുൽ ഗാബ, വാള്യം 1, പേജ് 373, ബസ്ബസ് അൽജുഹ്നി (റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അദ്ദേഹം ബുസയ്സ, ബസയ്സ, ബസ്ബസ എന്നീപേരുകളിലും അറിയപ്പെടുന്നു. (ഉസുദുൽ ഗാബ, വാള്യം 1, പേജ് 379, ബസ്ബസ ബിൻ അംറ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ബദ്ർ യുദ്ധത്തിനുപുറമെ ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 422, ബസ്ബസ ബിൻ അംറ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ബദ്ർ യുദ്ധത്തിനുവേണ്ടി മദീനയിൽനിന്ന് പുറപ്പെട്ട വിവരം വിശദീകരിച്ചുകൊണ്ട് സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ

ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: 'മദീനയിൽനിന്ന് പുറപ്പെട്ട നബി(സ)തിരുമേനി തന്റെ പിന്നിൽ അബ്ദുല്ലാഹ് ബിൻ ഉമ്മു മക്തൂമിനെ മദീനയിലെ അമീറായി നിശ്ചയിച്ചു. എന്നാൽ, അവിടന്ന് 'റൗഹാഅ്' എന്ന സ്ഥലത്തിനടുത്തെത്തിയപ്പോൾ – മദീനയിൽനിന്ന് 36 മൈൽ ദൂരത്താണിത്) അബ്ദുല്ലാഹ് ഒരു അന്ധനാണെന്ന് കരുതിയതുകൊണ്ടാകാം– മദീനയിലെ ഏർപ്പാടുകൾ ശക്തമായിരിക്കണം എന്ന ഉദ്ദേശ്യത്തോടെ അബൂലുബാബ ബിൻ മുൻദിറിനെ മദീനയിലെ അമീറായി നിശ്ചയിച്ച് തിരിച്ചയക്കുകയും അബ്ദുല്ലാഹ് ബിൻ ഉമ്മു മക്തൂം ഇമാമു സ്വലാത്ത് മാത്രമായിരിക്കുമെന്ന് കല്പിക്കുകയും ചെയ്തു. സംഘടനാപരമായ കാര്യങ്ങളെല്ലാം അബൂലുബാബ നോക്കുന്നതായിരിക്കും.' ഇദ്ദേഹം എഴുതുന്നു: 'ഖുബായിലെ അമീറായി ആസ്വിം ബിൻ അദിയ്യിനെ പ്രത്യേകം നിയമിച്ചു. അവിടന്ന് അമീർമാരെ അയച്ചിരുന്നു; നിശ്ചയിച്ചിരുന്നു. അല്ലെങ്കിൽ മാറ്റങ്ങൾ വരുത്തിയിരുന്നു. അതേ സ്ഥലത്തുനിന്നാണ് നബി(സ)തിരുമേനി ബസ്ബസിനേയും അദിയ്യിയേയും ശത്രുക്കളുടെ അനക്കമടക്കത്തെക്കുറിച്ച് അറിയാൻ ബദ്റിലേക്ക് അയച്ചത്. വിവരം ശേഖരിച്ച് പെട്ടെന്ന് തിരിച്ചുവരണമെന്ന് കല്പിക്കുകയും ചെയ്തു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 354)

രണ്ടാഴ്ച മുമ്പേയുള്ള ഖുത്ബയിൽ ഹദ്റത്ത് അദിയ്യ് ബിൻ അബീ സഗ്ബായെ കുറിച്ച് പറഞ്ഞപ്പോൾ ആ സംഭവം പറഞ്ഞുകഴിഞ്ഞതാണ്.

നബി(സ)തിരുമേനി അയച്ചവരിൽ ഹദ്റത്ത് ബസ്ബസും അദിയ്യ് ബിൻ അബീ സഗ്ബായും ഉണ്ടായിരുന്നു. ഇവർ ബദ്റിന്റെ സ്ഥലത്ത് വിവരങ്ങൾ അന്വേഷിക്കാൻ എത്തിയപ്പോൾ അവിടെ ബസ്ബസ് ബിൻ അംറും അദിയ്യ് ബിൻ അബീ സഗ്ബായും കിണറിന്റെ അടുത്ത് ഒരു കുന്നിനു സമീപം തങ്ങളുടെ ഒട്ടകത്തെ ഇരുത്തി വെള്ളം നിറയ്ക്കാൻ തോൾസഞ്ചി എടുത്തു. കിണറിൽനിന്ന് വെള്ളം നിറയ്ക്കുകയും കുടിക്കുകയും ചെയ്തു. അതിനിടയിൽ രണ്ട് സ്ത്രീകൾ ഏതോ ഒരു കച്ചവട സംഘത്തിന്റെ ആഗമനത്തെ കുറിച്ച് സംസാരിക്കുന്നത് അവർ കേട്ടു. (സീറത്ത് ഇബ്നു ഹിശാം പേജ് 617, ബസ്ബസ് വ അദിയ്യ്, യത്തജസ്സസാൻ അൽ അഖ്ബാർ പ്രസാധകർ തുറാഥുൽഇസ്ലാം മിസ്ർ ബറൂത്ത് 1955)

അവിടെ ഒരാളും നില്പുണ്ടായിരുന്നു. എന്തായലും അങ്ങനെ അവർ രണ്ട് പേരും തിരിച്ച് വന്നു. നബി(സ)തിരുമേനിയോട് ആ സ്ത്രീകളുടെ സംസാരത്തെ കുറിച്ച് പറഞ്ഞു. അവർ ഏതോ ഒരു കച്ചവട സംഘത്തിന്റെ ആഗമനത്തെ കുറിച്ച് ഇങ്ങനെ സംസാരിക്കുന്നത് തങ്ങൾ കേട്ട കാര്യം പറഞ്ഞു. അവിടെ നിന്നിരുന്ന ആളുടെ പേര് മജ്ദി എന്നായിരുന്നു. (ഇത് മുമ്പേ വിശദീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്) ചരിത്രകാരനെഴുതുന്നു: അടുത്തദിവസം രാവിലെ അബൂ സുഫ്യാൻ അവിടെ എത്തി; അപ്പോൾ കച്ചവടസംഘവും എത്തിക്കഴിഞ്ഞിരുന്നു. അയാൾ മജ്ദിയോടു ചോദിച്ചു മജ്ദീ! ഇവിടെ ചാരപ്രവൃത്തിക്കായി വന്ന ആരെയെങ്കിലും താങ്കൾ കണ്ടുവോ? അതിനോടൊപ്പം ഇങ്ങനെയും പറഞ്ഞു: 'നീ ഞങ്ങളിൽനിന്ന് ശത്രുവിന്റെ അവസ്ഥ മറച്ചുവെക്കുകയാണെങ്കിൽ ഖുറയ്ശികളിൽപ്പെട്ട ഒരാളും നീയുമായി രഞ്ജിപ്പിലാകുകയില്ല.' മജ്ദി പറഞ്ഞു: അതായത് അവിടെ നിന്നിരുന്ന ആൾ പറഞ്ഞു. 'അല്ലാഹുവാണ! ഞാൻ അറിയാത്ത അത്തരമൊരാളെ ഞാൻ ഇവിടെ കണ്ടിട്ടില്ല. ഇവിടെനിന്ന് നിന്റേയും യഥ്രിബിന്റേയും ഇടയിൽ ഒരു ശത്രുവുമില്ല. അങ്ങനെയുണ്ടെങ്കിൽ, അവൻ എന്നിൽനിന്ന് മറഞ്ഞിരിക്കുകയില്ല. ഞാൻ അവനെ നിന്നിൽനിന്ന് ഒളിപ്പിക്കുകയുമില്ല.' അയാൾ പറയുന്നു: 'എന്നാൽ ഒന്നുണ്ട്. രണ്ട് യാത്രക്കാരെ ഞാൻ കണ്ടിരുന്നു. അവർ ഇവിടെ ഉണ്ടായിരുന്നു. ആ സ്ഥലം ചൂണ്ടിക്കാണിച്ചു; ഹദ്റത്ത് ബസ്ബസും ഹദ്റത്ത് അദിയും നിന്നിരുന്ന സ്ഥലം. അവർ തങ്ങളുടെ ഒട്ടകത്തെ ഇവിടെ ഇരുത്തിയിരുന്നു.' അയാൾ പറഞ്ഞു: 'അവർ ഇവിടെ തങ്ങളുടെ ഒട്ടകത്തെ ഇരുത്തിയിരുന്നു. വെള്ളം കുടിച്ചിരുന്നു. പിന്നീട് ഇവിടെനിന്ന് പോയി.' രണ്ട് സ്വഹാബിമാരുടേയും ഒട്ടകം ഇരുന്ന സ്ഥലത്ത് അബൂ സുഫ്യാൻ വന്നു. അവരിരുവരുടേയും ഒട്ടകങ്ങളുടെ വിസർജ്ജ്യമെടുത്ത് പൊടിക്കാൻ തുടങ്ങി. അയാൾ അത് പൊട്ടിച്ചപ്പോൾ ഒട്ടകത്തിന്റെ വിസർജ്ജ്യത്തിൽ ഈത്തപ്പഴത്തിന്റെ കുരു കണ്ടു. അപ്പോൾ അബൂ സുഫ്യാൻ പറഞ്ഞു: 'അല്ലാഹുവാണ! യഥ്രിബുകാരുടെ ഒട്ടകങ്ങളുടെ തീറ്റ ഇതാണ്. ഇവർ അവിടെനിന്ന് വന്നവരാണ്. അവരിരുവരും മുഹമ്മദ്(സ)ന്റേയും സ്വഹാബാക്കളുടേയും ചാരന്മാരായിരുന്നു.' അതായത് വന്നിരുന്ന അവരിരുവരും മദീനയിൽനിന്നുള്ളവരാണ്. അവർ ചാരന്മാരാണ്. ഒട്ടകത്തിന്റെ വിസർജ്ജ്യത്തിൽനിന്ന് എനിക്കു തോന്നുന്നത് അങ്ങനെയാണ്. അവരെന്തിനാണ് ഇവിടെ വന്നത്? അയാൾ പറഞ്ഞു: 'അവർ ഇവിടെ അടുത്തുണ്ടെന്നാണ് എനിക്കു തോന്നുന്നത്.' അതിനുശേഷം അബൂ സുഫ്യാൻ അവിടെനിന്ന് അതിവേഗം തന്റെ കച്ചവടസംഘത്തേയുംകൊണ്ട് യാത്രയായി.(കിതാബുൽ മഗാസി ലിൽവാഖ്ദി, പേജ് 40–41, പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത്).

ആ അറബികൾക്ക് അക്കാലഘട്ടത്തിലും ചാരപ്രവർത്തനം നടത്തുന്നതിൽ വലിയ വൈദഗ്ദ്ധ്യമുണ്ടായിരുന്നു. ഇതും ചാരപ്രവർത്തനത്തിന്റെ രീതിയായിരുന്നു. ബദ്ർ യുദ്ധത്തെ കുറിച്ച് പറഞ്ഞപ്പോൾ സീറത്തുഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതി: നബി(സ) തിരുമേനി ബദ്റിന് അടുത്തെത്തിയപ്പോൾ എന്തോ തോന്നിയതനുസരിച്ച് –ഇതിനെ കുറിച്ച് നിവേദനങ്ങളിലൊന്നുമില്ല– അവിടന്ന് ഹദ്റത്ത് അബൂബക്കർ സിദ്ദീഖിനെ തന്റെ പിന്നിലിരുത്തി ഇസ്ലാമിക സൈന്യത്തിന് മുന്നിൽ പോയി. ആ നേരത്ത് നബി(സ)തിരുമേനിക്ക് ഒരു ബദ്വി വൃദ്ധനെ കിട്ടി. അദ്ദേഹത്തിൽനിന്ന് സംസാരത്തിനിടയിൽ മനസ്സിലായി, ആ നേരത്ത് ഖുറയ്ശീ സൈന്യം ബദ്റിന്റെ തൊട്ടടുത്ത് എത്തിയിട്ടുണ്ടെന്ന്. അവിടന്ന് ഈ വിവരമറിഞ്ഞ് തിരിച്ചു വന്നു. ഹദ്റത്ത് അലിയേയും സുബയ്ർ ബിൻ അൽഅവാമിനേയും സഅ്ദ് ബിൻ വഖാസ്വിനേയും അവസ്ഥകൾ നിരീക്ഷിക്കുന്നതിന് മുമ്പേ അയച്ചു. ഒരു നിവേദനമനുസരിച്ച് അയക്കപ്പെട്ട ആളുകളിൽ ഹദ്റത്ത് ബസ്ബസ്(റ)ഉം ഉണ്ടായിരുന്നു. കച്ചവടസംഘത്തെക്കുറിച്ചുള്ള വിവരം അറിയുന്നതിന് ആദ്യം ഇവരാണ് പോയത്. സൈന്യം വരുന്നുവെന്ന് അറിഞ്ഞപ്പോൾ ആ സൈന്യത്തെക്കുറിച്ച് അറിയുന്നതിന് ആരെയൊക്കെയാണോ അയച്ചത് അവരിൽ ഇദ്ദേഹമുണ്ടായിരുന്നു. ഈയാളുകൾ ബദ്റിന്റെ താഴ്വരയിലെത്തിയപ്പോൾ മക്കയിലെ കുറച്ചാളുകൾ ഒരു ഉറവയിൽനിന്ന് വെള്ളം നിറയ്ക്കുന്നത് പെട്ടെന്ന് കണ്ടു. ആ സ്വഹാബിമാർ ആ സംഘത്തിനുനേരെ ആക്രമണം നടത്തി. ഒരു ഹബ്ശി അടിമയെ പിടിച്ചു. അയാളെ നബി(സ)തിരുമേനിയുടെ അടുക്കൽ കൊണ്ടുവന്നു. അവർ വന്നപ്പോൾ നബി(സ)തിരുമേനി നമസ്കരിക്കുകയായിരുന്നു. നബി(സ)തിരുമേനി നമസ്കാരത്തിൽ മുഴുകിയിരിക്കുന്നതു കണ്ടപ്പോൾ സ്വഹാബത്ത് അയാളെ ചോദ്യം ചെയ്യാൻ തുടങ്ങി. അബൂ സുഫ്യാന്റെ കച്ചവട സംഘം എവിടെയാണ്? –ഈ ഹബ്ശി അടിമ സൈന്യത്തിന്റെ കൂടെ വന്നതാണ്; അവരാണെങ്കിൽ ബദ്ർ യുദ്ധത്തിന് വന്നവരുമാണ്. അയാൾക്ക് കച്ചവടസംഘത്തെ കുറിച്ച് ഒന്നുംഅറിയുമായിരുന്നില്ല. അയാൾ പറഞ്ഞു: 'അബൂ സുഫ്യാനെ കുറിച്ച് എനിക്കറിയില്ല. എന്നാൽ, അബുൽ ഹക്കം അതായത് അബുജഹ്ലും ഉത്ബയും, ശേയ്ബയും ഉമയ്യ തുടങ്ങിയവരും ഈ താഴ്വരയുടെ മറുവശത്ത് താവളമടിച്ചിട്ടുണ്ട്.' അപ്പോൾ കച്ചവട സംഘത്തെക്കുറിച്ചു മാത്രം അറിവുണ്ടായിരുന്ന സ്വഹാബിമാർ അയാൾ പറയുന്നത് കളവാണെന്ന് കരുതി. കച്ചവടസംഘത്തെകുറിച്ചുള്ള വിവരം മനഃപൂർവ്വം മറച്ചുവയ്ക്കാനാഗ്രഹിക്കുന്നുവെന്ന് ധരിച്ചു. അങ്ങനെ കുറച്ചാളുകൾ അയാളെ അടിക്കുകയും തല്ലുകയും ചെയ്തു. അയാളെ അടിക്കുമ്പോൾ ആ മനുഷ്യൻ പേടിച്ചുകൊണ്ടു 'ഞാൻ പറയാം, എനിക്കറിയാം' എന്നൊക്കെ അയാൾ പറയും. അയാളെ വിടുമ്പോൾ ആദ്യം പറഞ്ഞതുതന്നെ വീണ്ടും പറയും; അബൂസുഫ്യാനെ കുറിച്ചോ അയാളുടെ സംഘത്തെക്കുറിച്ചോ അറിവില്ലെന്ന്! എന്നാൽ, അബുജഹ്ൽ ഒരു സൈന്യവുമായി വരുന്നുണ്ട്. അയാൾ അടുത്തുതന്നെയുണ്ട് എന്ന് അയാൾ പറഞ്ഞുകൊണ്ടിരുന്നു. നബി(സ)തിരുമേനി ഇക്കാര്യങ്ങൾ കേട്ടപ്പോൾ സ്വഹാബത്തിനെ അയാളെ അടിക്കുന്നതിൽനിന്ന് തടഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: 'അയാൾ സത്യം പറയുമ്പോൾ നിങ്ങൾ അയാളെ അടിക്കുന്നു. കളവ് പറയുമ്പോൾ വിട്ടയക്കുന്നു.' പിന്നീട് നബി(സ)തിരുമേനി സ്വയം വളരെ മയത്തോടെ അയാളോടു ചോദിച്ചു: 'സൈന്യം ഇപ്പോൾ എവിടെയാണുള്ളത്?' അയാൾ പറഞ്ഞു: 'ഇപ്പോൾ അവർ അടുത്തുള്ള കുന്നിൻചെരുവിന്റെ പിൻഭാഗത്തുണ്ട്.' സൈന്യത്തിൽ എത്ര പേരുണ്ട്? നബി(സ) ചോദിച്ചു. ധാരാളമുണ്ടെന്ന് അയാൾ പറഞ്ഞു. മുഴുവൻ സംഖ്യ എനിക്കറിയില്ല. നബി(സ) തിരുമേനി ചോദിച്ചു. ഭക്ഷണത്തിന് ഒരു ദിവസം എത്ര ഒട്ടകത്തെയാണ് അവർ അറുക്കുന്നത്? അയാൾ പറഞ്ഞു. പത്ത്. പത്ത് ഒട്ടകം ആ സൈന്യത്തിനുവേണ്ടി അറുക്കുന്നു. സാധനങ്ങൾക്കു പുറമെ അശനപാനീയങ്ങൾക്കുള്ള സാധനങ്ങളും കൊണ്ടുവന്നിരുന്നു. നബി(സ)തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു. 10 ഒട്ടകത്തെ അറുക്കുന്നു. ഇതിന്റെ അർഥം ആയിരം പേർ സൈന്യത്തിലുണ്ടെന്നാണ്. യഥാർഥത്തിൽ അവർ അത്രയും പേരുണ്ടായിരുന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ) പേജ് 355–356)

ഇനി ഹദ്റത്ത് ഥഅ്ലബ ബിൻ അംറ് അൻസ്വാരിയെ കുറിച്ചുള്ള വിവരണമാണ്. ബനൂ നജ്ജാർ ഗോത്രവുമായിട്ടാണ് ഥഅ്ലബയുടെ ബന്ധം. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് കബ്ശ എന്നായിരുന്നു. അവർ പ്രസിദ്ധ കവി ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്തിന്റെ സഹോദരിയായിരുന്നു. ഹദ്റത്ത് ഥഅ്ലബ ബദ്ർ ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. ബനൂ സലമയുടെ ബിംബങ്ങൾ തകർത്ത സ്വഹാബാക്കളിൽപ്പെട്ട ആളുമാണ് അദ്ദേഹം. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ജിസർയുദ്ധത്തിൽ അതായത് പാലംയുദ്ധത്തിൽ അദ്ദേഹം വഫാത്തായി. ഇറാനികളുമായി ഹിജ്റ 14–ാം വർഷം

നടന്നതാണ് ജിസർ യുദ്ധം. ത്വബരിയിൽ ഹിജ്റ 13 ലാണ് ഈ യുദ്ധം നടന്നതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ യുദ്ധത്തിൽ ഇരുകക്ഷികളും അതായത് ഹദ്റത്ത് അബൂഉബയ്ദായുടെ മേൽനോട്ടത്തിൽ മുസ്‌ലീംകളുടെ സൈന്യവും ബഹ്മൻ ജാസവയുടെ മേൽനോട്ടത്തിൽ ഇറാനീ സൈന്യം ഫെറാത്ത് നദിയ്ക്കരയിൽ നേർക്കുനേരെ ആയിരുന്നു. നദി കടന്ന് യുദ്ധം ചെയ്യുന്നതിനുവേണ്ടി ഒരു പാലം നിർമിക്കപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇതിന് പാലം യുദ്ധം എന്നുപറയുന്നത്. ചിലരുടെ പക്കൽ അദ്ദേഹത്തിന്റെ വഫാത്ത് ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്തുകാലത്ത് മദീനയിലാണ് സംഭവിച്ചത്.(റൗളുൽ അൻഫ്, വാള്യം 3, പേജ് 158–159, പ്രസാധകർ ദാറുൽഖുത്വുബുൽ ഇൽമിയ്യ ബേറൂത്ത്) (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 386, ഥഅ്ലബബിൻ മിഹ്സ്വൻ, 340 സലമത്ത് ബിൻ അസ് ലം, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (താരീഖ് അത്ത്വബരി വാള്യം 2, പേജ് 366, വഖ്അത്തുൽ ഖർഖസ് പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1987).താരീഖ് ഇബ്നുഖൽദൂൻ വാള്യം 2, പേജ് 522, വിലായത്തി അബീ ഉബയ്ദ് പ്രസാധകർ ദാറുൽഫിക്ർ ബേറൂത്ത് 2000)

ഹദ്റത്ത് ഥഅലബ ബിൻ ഗനമ എന്ന സ്വഹാബിയെ കുറിച്ചാണ് അടുത്തതായി വിവരിക്കുന്നത്. ഹദ്റത്ത് ഥഅലബയുടെ പേര് ഒരു നിവേദനത്തിൽ ഥഅലബ ബിൻ അനമ എന്നും വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ജഹീറ ബിൻത് ഖയൻ എന്നായിരുന്നു. അൻസ്വാറുകളുടെ ഗോത്രമായ ബനൂ സലമയിൽപ്പെട്ട ആളായിരുന്നു. അദ്ദേഹം രണ്ടാം അഖ്ബ ബയ്അത്തിൽ നബി(സ)തിരുമേനിയുടെ തൃക്കരങ്ങളിൽ ബയ്അത്ത് ചെയ്ത 70 അൻസ്വാറിൽപ്പെടുന്നു. ഹദ്റത്ത് ഥഅലബ വിശ്വസിച്ചപ്പോൾ അദ്ദേഹം മുആദു ബിൻ ജബലും അബ്ദുല്ലാഹ് ബിൻ ഉനയ്സും ചേർന്ന് ബനൂസലമയുടെ അതായത് തങ്ങളുടെ തന്നെ ബിംബങ്ങളെ തകർത്തു. അദ്ദേഹം ബദ്ർ, ഉഹുദ്, ഖൻദഖ് എന്നീ യുദ്ധങ്ങളിൽ പങ്കെടുത്തു. ഖൻദഖ് യുദ്ധത്തിൽ ഹുബയ്റ ബിൻ അബീ വഹബ്, ഹദ്റത്ത് ഥഅലബയെ ശഹീദാക്കി. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ഥഅലബ ഖയ്ബർ യുദ്ധ അവസരത്തിൽ ശഹീദായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 435, ഥഅ്ലബ ബിൻ ഗനമഃ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഇസ്തീആബ് വാള്യം 1, പേജ് 207, ഥഅ്ലബ ബിൻ ഗനമഃ, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992).

അടുത്ത സ്വഹാബിയുടെ പേര് ജാബിർ ബിൻ ഖാലിദ് എന്നാണ്. അൻസ്വാറിന്റെ ഗോത്രമായ ബനൂ ദീനാറുമായാണ് അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് ജാബിർ ബിൻ ഖാലിദ് ബദ്ർ, ഉഹുദ് എന്നീ യുദ്ധങ്ങളിൽ പങ്കെടുത്തു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 494, ജാബിർ ബിൻ ഖാലിദ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

അടുത്ത സ്വഹാബി ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാൻ ബിൻ ഉമയ്യ അൻസ്വാരിയാണ്. അൻസ്വാറിന്റെ ഗോത്രമായ ഔസുമായാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. അദ്ദേഹം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിന്റേയും ഹദ്റത്ത് ഖവ്വാത്ത് ബിൻ പിതൃസഹോദരനായിരുന്നു. സ്വിഫ്ഫീൻ യുദ്ധത്തിന്റെഅവസരത്തിൽഹദ്റത്ത്അലിയുടെഭാഗത്തനിന്നാണ് പോരാടിയത്. (ഉസുദുൽ ഗാബ, വാള്യം 1, പേജ് 641, ഹാരിഥ് ബിൻ നുഅ്മാൻ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).(ഇസ്വാബ വാള്യം 1, പേജ് 694, ഹാരിഥ് ബിൻ നുഅ്മാൻ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

അടുത്തത് ഹദ്റത്ത് ഹാരിഥ് ബിൻ അനസ് അൻസ്വാരിയാണ്. ഉമ്മു ശരീക് എന്നാണ് മാതാവിന്റെ പേര്. പിതാവ് അനസ് ബിൻ റാഫിഅ്. അദ്ദേഹത്തിന്റെ മാതാവും ഇസ്‌ലാം സ്വീകരിച്ചിരുന്നു. നബി(സ)തിരുമേനിക്ക് ബയ്അത്ത് ചെയ്തിരുന്നു. ബനൂഅബ്ദുൽ അശ്ഹൽ എന്ന ഔസ് ഗോത്രത്തിന്റെ ശാഖയുമായാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹുദ് യുദ്ധത്തിലാണ് അദ്ദേഹം ശഹീദായത്. ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബയ്റിനോടൊപ്പം മലയിടുക്കിൽ പോരാടിക്കൊണ്ടിരുന്ന ആ കുറച്ചു സ്വഹാബിമാരിൽപ്പെട്ടയാളാണ് ഹദ്റത്ത് ഹാരിഥ്(റ). അവിടെ അദ്ദേഹം ശഹാദത്ത് വരിക്കുകയും ചെയ്തു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 334, ഹാരിഥ് ബിൻ അനസ്(റ), പേജ് 362, അബ്ദുല്ലാഹ് ബിൻ ജുബയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 8, പേജ് 227, ഉമ്മുശരീക്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ഹുറയ്ഥ് ബിൻ സയ്ദ് അൻസ്വാരിയാണ് അടുത്ത സ്വഹാബി. ഒരു നിവേദനത്തിൽ അദ്ദേഹത്തിന്റെ പേര് സയ്ദ് ഥഅ്ലബ എന്നും പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് ഹുറയ്ഥ് ഖദ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ സയ്ദ് ബിൻ ഹാരിഥയുമായി ബന്ധമുള്ള വ്യക്തിയാണ്. അദ്ദേഹത്തിന്റെ സഹോദരനായ ഹദ്റത്ത് അബ്ദുല്ലായോടൊപ്പം ബദ്ർ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തു. ബാങ്ക് വിളിയുടെ വചനങ്ങളെക്കുറിച്ച് സ്വപ്നദർശനമുണ്ടായത് ഈ സഹോദരനായിരുന്നു. അദ്ദേഹം ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. (ഉസുദുൽ ഗാബ, വാള്യം 1, പേജ് 717–718, ഹരീഥ് ബിൻ സയ്ദ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഇനി വിവരിക്കുന്ന സ്വഹാബിയുടെ പേര് ഹാരിഥ് ബിൻ അസ്വിമ്മ എന്നാണ്. അൻസ്വാറിലെ ഗോത്രമായ ബനൂ നജ്ജാറുമായാണ് അദ്ദേഹത്തിന്റെ ബന്ധം. ബിഅ്രെ മഊന ദിവസം ശഹീദായി.(ഇസ്തീആബ് വാള്യം 1, പേജ് 292, ഹാരിഥ് ബിൻ അസ്വിമ്മ, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

നബി(സ)തിരുമേനി ഹാരിഥിനേയും ഹദ്റത്ത് സുഹയ്ബ് ബിൻ സിനാനിനേയും സഹോദരന്മാരാക്കിയിരുന്നു. (ഇസ്വാബ വാള്യം 1, പേജ് 673, ഹാരിഥ് ബിൻ അസ്വിമ്മ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

ഹദ്റത്ത് ഹാരിഥ് ബിൻ അസ്വിമ്മ നബി(സ)തിരുമേനിയോടൊപ്പം ബദ്ർ യുദ്ധത്തിന് പുറപ്പെട്ടിരുന്നു. എന്നാൽ, അർറൗഹാഅ് എന്ന സ്ഥലത്തെത്തിയപ്പോൾ അദ്ദേഹത്തിന് കൂടുതൽ യാത്ര ചെയ്യാനുള്ള ശേഷി ഇല്ലാതായി. നബി(സ)തിരുമേനി അദ്ദേഹത്തെ മദീനയിലേയ്ക്ക് തിരിച്ച് അയച്ചു. പക്ഷേ, ഗനീമത്തു മുതലിൽ ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത മറ്റുള്ളവർക്കൊപ്പം അദ്ദേഹത്തേയും ഉൾപ്പെടുത്തി. അതായത് അദ്ദേഹം കർമപരമായി പങ്കെടുത്തിരുന്നില്ല. പ്രത്യുത ഒരു വികാരാവേശത്താൽ ഇറങ്ങി പുറപ്പെട്ടതാണ്. പക്ഷേ, ആരോഗ്യം യുദ്ധം ചെയ്യാൻ അനുവദിച്ചില്ല. അല്ലെങ്കിൽ അദ്ദേഹം രോഗബാധിതനായിട്ടുണ്ടാകും. അതുകൊണ്ടാണ് തിരിച്ചയച്ചത്. എന്നാൽ, അദ്ദേഹത്തിന്റെ നിയ്യത്തും ആഗ്രഹവും കണ്ട് നബി(സ)തിരുമേനി ബദ്റിൽ പങ്കെടുത്ത സ്വഹാബാക്കളിൽ അദ്ദേഹത്തെയും ഉൾപ്പെടുത്തി. അദ്ദേഹം ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ആളുകൾ ഛിന്നഭിന്നമായ ആ ദിവസം ഹദ്റത്ത് ഹാരിഥ് സ്ഥൈര്യ ത്തോടെ ഉറച്ചുനിന്നു. ഹദ്റത്ത് ഹാരിഥ്(റ) നബി(സ) തിരുമേനിയോടു മരിക്കാൻ തയ്യാറാണെന്ന കാര്യത്തിലും ബയ്അത്തു ചെയ്തിരുന്നു. അദ്ദേഹമാണ് ഉഥ്മാൻ ബിൻ അബ്ദുല്ലാഹ് ബിൻ മുഗീറ മഖ്സൂമിയെ വധിച്ചത്. അതായത് ഹദ്റത്ത് ഹാരിഥ് വധിക്കപ്പെട്ട ഉഥ്മാന്റെ ആയുധങ്ങളും വസ്ത്രങ്ങളും മറ്റും എടുത്തു. അതിൽ അയാളുടെ പടച്ചട്ടയും ഇരുമ്പ് തൊപ്പിയും വാളുമുണ്ടായിരുന്നു. നബി(സ)തിരുമേനി ആ സാധനങ്ങൾ ഹാരിഥ്(റ)നുതന്നെ നല്കി. ഉഥ്മാൻ ബിൻ അബ്ദുല്ലാഹ് ബിൻ മുഗീറ നശിച്ചിരിക്കുന്നുവെന്ന് വിവരം നബി(സ) തിരുമേനി അറിഞ്ഞപ്പോൾ പറഞ്ഞു:‘അവനെ നശിപ്പിച്ച അല്ലാഹുവിനാകുന്നു സർവ സ്തുതിയും.’(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 386, ഹാരിഥ് ബിൻ സ്വിമ്മ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 1, പേജ് 615, ഹരീഥ് ബിൻ സ്വിമ്മ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഉഥ്മാൻ ബിൻ അബ്ദുല്ലാഹ് ഭയങ്കര ശത്രുവായിരുന്നു. ഒരു അന്യാരാധകനായിരുന്നു. ഉഹുദ് യുദ്ധ ദിവസം നബി(സ)തിരുമേനിയെ നശിപ്പിക്കുന്നതിന് മുഴുവൻ ആയുധങ്ങളുമെടുത്തുവന്നു. ഉഹുദ് യുദ്ധദിവസം നബി(സ) തിരുമേനി അന്വേഷിച്ചു: എന്റെ പിതൃവ്യനായ ഹംസ(റ)യ്ക്ക് എന്താണ് സംഭവിച്ചത്? ഹദ്റത്ത് ഹാരിഥ്(റ) അദ്ദേഹത്തെ അന്വേഷിച്ചിറങ്ങി. അദ്ദേഹം വരാൻ താമസിച്ചപ്പോൾ ഹദ്റത്ത് അലി(റ)പുറപ്പെട്ടു. ഹാരിഥിന്റെ അടുക്കലെത്തി. അപ്പോൾ കണ്ടത് ഹദ്റത്ത് ഹംസ(റ) ശഹീദായി കഴിഞ്ഞതാണ്. രണ്ട് സ്വഹാബിമാരും തിരിച്ചുവന്ന് അദ്ദേഹത്തിന്റെ ശഹാദത്ത് വിവരം അറിയിച്ചു.

ഹദ്റത്ത് ഹാരിഥ്(റ) വിവരിക്കുന്നു: ഉഹുദ് യുദ്ധദിവസം നബി(സ)തിരുമേനി എന്നോടു– അവിടന്ന് അപ്പോൾ ഒരു മലയിടുക്കിലായിരുന്നു– പറഞ്ഞു: ‘താങ്കൾ അബ്ദുർറഹ്മാൻ ബിൻ ഔഫിനെ കണ്ടുവോ?’ ഞാൻ പറഞ്ഞു: ‘ഞാൻ അദ്ദേഹത്തെ കണ്ടു. അദ്ദേഹം മലയുടെ ഒരു വശത്തായിരുന്നു. അദ്ദേഹത്തിനുമേൽ അന്യാരാധകരുടെ സൈന്യം ആക്രമണം നടത്തിയിരുന്നു. അദ്ദേഹത്തെ രക്ഷിക്കാൻ ഞാൻ അദ്ദേഹത്തിലേക്ക് തിരിഞ്ഞു; പിന്നീട് എന്റെ ദൃഷ്ടി അങ്ങയിൽ പതിഞ്ഞു. അങ്ങയുടെ അടുത്തു വന്നു. നബി(സ)തിരുമേനി പറഞ്ഞു: ‘മലക്കുകൾ അദ്ദേഹത്തെ സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്.’ അതായത് അബ്ദുർറഹ്മാൻ ബിൻ ഔഫിനെ മലക്കുകൾ കാക്കുന്നു. മറ്റൊരു നിവേദനത്തിലുണ്ട്. നബി(സ) തിരുമേനി പറഞ്ഞു, ‘മലക്കുകൾ അദ്ദേഹത്തോടൊപ്പം പൊരുതിക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് ഹാരിഥ്(റ)പറയുന്നു. ഞാൻ അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ അടുക്കലെത്തി. പിന്നീട് തിരിച്ചുപോയി. യുദ്ധം അവസാനിച്ചപ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ ഏഴുപേർ വധിക്കപ്പെട്ടു കിടക്കുന്നത് ഞാൻ കണ്ടു. ഞാൻ പറഞ്ഞു: താങ്കളാണോ ഇവരെയെല്ലാം വധിച്ചത്? അപ്പോൾ അബ്ദുർറഹ്മാൻ പറഞ്ഞു: ‘ആ മൂന്നുപേരെ ഞാനാണ് വധിച്ചത്. മറ്റുള്ളവരെ ആരാണ് വധിച്ചതെന്ന് അറിയില്ല.’ അപ്പോൾ ഞാൻ പറഞ്ഞു, ‘അല്ലാഹുവും

( ശേഷം പേജ് 10ൽ)

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

**(റിപ്പോർട്ട്**
**കഴിഞ്ഞ ലക്കം തുടർച്ച.....)**

### 2016 മെയ് 12
### (വ്യാഴാഴ്ച)

⋆ഓൺലൈൻ പത്രം 24-Malmo(Arvid Nikka) ഇപ്രകാരം വാർത്ത നല്കി:

**"മുസ്‌ലിം പോപ്പ്"**
**മസ്ജിദ് ഉദ്ഘാടനം ചെയ്യുന്നു.**
**'മഹത് വ്യക്തിത്വം'**

നിർമാണാനുമതിയുടെ പതിനാറാം വർഷം മാൽമോയിലെ എലിസ്ദാൽ (Elisedal)പ്രദേശത്ത് മസ്ജിദ് മഹ്മൂദിന്റെ ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടു. ജുമുഅ ദിവസം നടന്ന ഐതിഹാസികമായ പരിപാടിയിൽ ജമാഅത്തിന്റെ പരമോന്നത നേതാവ് സന്നിഹിതനായിരുന്നു. 65 വയസ്സുള്ള ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ സമുന്നതനായ ആത്മീയനേതാവാണ്. പത്തുമില്യൺ അംഗങ്ങളുള്ള ഒരു ഇസ്‌ലാമിക വിഭാഗമാണ് അഹ്മദിയ്യാ ജമാഅത്ത്. ഇതിനുമുമ്പേ അദ്ദേഹം യൂറോപ്യൻ പാർലമെന്റ്, ബ്രിട്ടീഷ് പാർലമെന്റ്, അമേരിക്കൻ കോൺഗ്രസ് തുടങ്ങിയവയുടെ സഭാംഗങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയുണ്ടായി. അദ്ദേഹം മാൽമോയിൽ ആഗതനാകുകയാണ്. മസ്ജിദ് മഹ്മൂദിന്റെ ചരിത്രപരമായ ഉദ്ഘാടനവേളയിലാണ് അദ്ദേഹം വരുന്നത്.

ഖലീഫത്തുൽ മസീഹ് ഒരു മഹാനായ പ്രമുഖ വ്യക്തിയാണ്. ഈ പര്യടനം വളരെ സുപ്രധാനമാണ്. 2003ൽ അദ്ദേഹം ഖലീഫയായതുമുതൽ ലോകപര്യടനങ്ങൾ നടത്തി ശാന്തിയുടേയും സഹവർത്തിത്വത്തിന്റേയും സന്ദേശം പ്രചരിപ്പിക്കുകയാണ്. സ്റ്റോക്ക്ഹോമിലെ ജമാഅത്തിന്റെ ഇമാമായ കാശിഫ് വർക്ക് സാഹിബാണ് ഇക്കാര്യം പങ്കുവെച്ചത്.

മിർസാ മസ്റൂർ അഹ്മദ് സാഹിബ് തീവ്രവാദത്തിനെതിരെ എല്ലായിടത്തും ശബ്ദമുയർത്തിയിട്ടുണ്ട്. തീവ്രവാദത്തിനെ തടയാനായി പോലീസിന്റെ പ്രവർത്തനപരിധി വർധിപ്പിക്കേണ്ടതുണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

അമേരിക്കൻ പത്രമായ വാൾ സ്ട്രീറ്റ് ജേർണൽ അദ്ദേഹത്തിനെ 'മുസ്‌ലിം പോപ്പ്' എന്നാണ് വിളിച്ചിരിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനമാനത്തിന്റെ അടിസ്ഥാനത്തിലാണിത്. അഹ്മദിയ്യാ ജമാഅത്ത് സ്വീഡനിലെ ആയിരത്തോളം വരുന്ന അംഗങ്ങൾക്ക് പുതിയ പള്ളി ഒരു വൻവിജയമാണ്. ഇതിന്റെ ചെലവ് അഹ്മദിയ്യാ ജമാഅത്ത് സ്വന്തമായാണ് വഹിച്ചിട്ടുള്ളത്. 2000-ൽ ഇതിന്റെ പണി തുടങ്ങിയിരുന്നെങ്കിലും ഒരുപാട് മാർഗതടസ്സങ്ങൾ നേരിടേണ്ടിവന്നു.

⋆ Sydsvenskan പത്രം മസ്ജിദ് ഉദ്ഘാടനത്തെകുറിച്ച് ഇപ്രകാരം വാർത്ത നല്കി.

**"പുതിയ മസ്ജിദ് സന്ദർശിക്കാൻ**
**മാൽമോയിൽ ഖലീഫയുടെ ആഗമനം"**

അഹ്മദിയ്യാ ജമാഅത്തിന്റെ പുതിയ മസ്ജിദിന്റെ ഉദ്ഘാടനം ശനിയാഴ്ച നടക്കുന്നു. ഇതിന്റെ നിർമിതിയെ പരിശോധിക്കാൻ ഖലീഫ മിർസാ മസ്റൂർ അഹ്മദ് സ്വയം ആഗതനായി. 24 മീറ്റർ ഉയരമുള്ള ഈ കെട്ടിടത്തിന്റെ ആകെ ചെലവ് 49 മില്യൺ ക്രോണറാണ്. ഇതുമുഴുവൻ സ്വീഡൻ ജമാഅത്തംഗങ്ങളാണ് വഹിച്ചത്. ശനിയാഴ്ച ഇതിന്റെ ഉദ്ഘാടനം നടക്കുന്നതാണ്. ജമാഅത്തിന്റെ പരമോന്നത നേതാവ് ചൊവ്വാഴ്ചയാണ് മാൽമോയിൽ വന്നത്.

മിർസാ മസ്റൂർ അഹ്മദ് സാഹിബ് പറയുന്നു, ആദ്യമായി ഞാൻ ഇവിടെ വന്നപ്പോൾ ഇതൊരു വലിയ മൈതാനമായിരുന്നു. എന്നാൽ, ഇന്നലെ ഞാൻ വന്നപ്പോൾ ഇവിടെ ഒരു കമനീയമായ കെട്ടിടം കാണാൻ സാധിച്ചു. ഇവിടെ ജനങ്ങൾ ആരാധനാകർമങ്ങൾ നിർവഹിക്കാൻ ഒരുമിച്ചുകൂടുന്ന കാഴ്ച കാണുന്നത് ഒരു മതവിശ്വാസിയായ വ്യക്തിയെ സംബന്ധിച്ചിടത്തോളം വികാരമുളവാക്കുന്നതാണ്.

അഹ്മദിയ്യാ ജമാഅത്ത് ഒരു സമാധാനം കാംക്ഷിക്കുന്ന വിഭാഗമാണ്. എന്നാൽ, സ്ത്രീകളെക്കുറിച്ചും സ്വവർഗാനുരാഗികളെക്കുറിച്ചുമുള്ള ഇവരുടെ ഇവരുടെ കാഴ്ചപ്പാടുകൾ മറ്റുള്ളവരെക്കാൾ വിഭിന്നമാണ്. ഖലീഫയുമായുള്ള ഒരു സുദീർഘമായ ഇന്റർവ്യൂ വെള്ളിയാഴ്ച പ്രസിദ്ധീകരിക്കുന്നതാണ്. (അവലംബം, ബദ്ർ പത്രം, 23 ജൂൺ 2016)

### 2016 മെയ് 13
### (വെള്ളിയാഴ്ച)

പുലർച്ചെ 4.10 ന് ഹുദൂർ മസ്ജിദ് മഹ്മൂദിലെത്തി സുബ്ഹി നമസ്കരിപ്പിച്ചു. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി. ഓഫീസുകാര്യങ്ങളിൽ നിരതനായി.

ഇന്ന് അനുഗൃഹീത ജുമുഅ ദിവസമായിരുന്നു. ഇന്ന് സ്വീഡൻ അഹ് മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാനവും അവിസ്മരണീയവുമായ ദിവസമാണ്. സ്വീഡന്റെ മണ്ണിൽ നാല്പതു വർഷത്തെ ദീർഘകാലയളവിന്റെ പരിണിത ഫലമായി നിർമിക്കപ്പെടുന്ന രണ്ടാമത്തെ മസ്ജിദായ മസ്ജിദ് മഹ് മൂദിന്റെ ഉൽഘാടനം നടക്കുകയാണ്.

ഇന്ന് സ്വീഡൻ ജമാഅത്തിലെ സ്ത്രീ പുരുഷന്മാർ, യുവജനങ്ങളപം വൃദ്ധരും കുട്ടികളുമെല്ലാം സന്തോഷഭരിതരാണ്. അവരുടെ ഹൃദയങ്ങൾ അല്ലാഹുവിന്റെ സമക്ഷത്തിൽ സാഷ്ടാംഗം പ്രണമിക്കുകയാണ്. അവരുടെ നാവുകൾ ദൈവസ്തുതിയാൽ ആർദ്രമാണ്. ഇക്കൂട്ടർ തങ്ങളുടെ സമ്പത്തുകളെല്ലാം ഈ മസ്ജിദിന്റെ നിർമാണത്തിന് അല്ലാഹുവിന് കാഴ്ചവെച്ചവരാണ്. യുവജനങ്ങൾ തങ്ങളുടെ കഴിവിനെക്കാളുപരി അവശ്യവസ്തുക്കൾപോലും വിറ്റ് ധനത്യാഗം ചെയ്യുകയുണ്ടായി. സ്ത്രീകളും പുതിയതായി വിവാഹം കഴിച്ച യുവതികളും തങ്ങളുടെ മുഴുവൻ ആഭരണങ്ങളും ദൈവമാർഗത്തിൽ സമർപിച്ചു. കുട്ടികളും ഇക്കാര്യത്തിൽ പിന്നിലായില്ല. ആൺകുട്ടികൾ സ്വരൂപിച്ചുവച്ച പണം കൊണ്ടുവന്നു. കൈയിലുള്ളതെല്ലാം കൊടുത്തു. പെൺകുട്ടികളാണെങ്കിൽ അവരുടെ മാതാപിതാക്കൾ അവർക്ക് പല സമയങ്ങളിൽ നല്കിയതെല്ലാം കൊടുത്തു. കുറച്ചുപേർ പണം കൊടുത്തപ്പോൾ കുറച്ചുപേർ കഴുത്തിലണിഞ്ഞ മാലയൂരി നല്കി.

സ്വീഡനിലെ മുബല്ലിഗ് ഇൻചാർജ് സാഹിബ് പറയുന്നു: '16, 17 വയസ്സുള്ള ഒരു പെൺകുട്ടി എന്റെ ഓഫീസിൽവന്നു. വികാരഭരിതയായി കരയാൻ തുടങ്ങി. എന്നിട്ട് എന്റെ മുമ്പിൽ കുറച്ചു ആഭരണങ്ങൾ വെച്ചുകൊണ്ട് പറഞ്ഞു, ഇമാം സാഹിബേ! എന്റെ പിതാവിന് മാൽമോ മസ്ജദിനുവേണ്ടി ത്യാഗങ്ങൾ ചെയ്യണമെന്ന് അതിയായ മോഹമുണ്ടെന്ന് എനിക്ക് നന്നായി അറിയാം. പക്ഷേ, അദ്ദേഹത്തിന്റെ കൈയിൽ പണമില്ല. ഇതും പറഞ്ഞ് ആ കുട്ടി കരയാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു:എന്റെ പക്കലുള്ള ഈ ആഭരണങ്ങൾ താങ്കൾ എന്റെ വീട്ടുകാരുടെ സംഭാവനയായി സ്വീകരിക്കണം.'

ഇന്ന് ഇവർക്ക് ഇത്തരം ത്യാഗങ്ങളുടെ ഫലമായി പ്രവിശാലവും അതിസുന്ദരവുമായ ഒരു മസ്ജിദ് കാണാൻ സാധിച്ചു. അവരുടെ ത്യാഗങ്ങൾ ദൈവസവിധത്തിൽ സ്വീകാര്യമായി എന്നതിൽ അവരുടെ ഹൃദയം കൃതജ്ഞതയാൽ ഭരിതമാണ്.

സ്വീഡൻ ജമാഅത്തംഗങ്ങളെ കൂടാതെ പുറത്തുള്ള ജമാഅത്തുകളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും വൻതോതിൽ ഈ മസ്ജിദിന്റെ ഉൽഘാടനത്തിനും തങ്ങളുടെ പ്രിയങ്കരനായ ഇമാമിനെ പിന്തുടർന്ന് ജുമുഅ നമസ്കരിക്കുന്നതിനും ധാരാളമാളുകൾ വന്നിരുന്നു. ഡന്മാർക്ക്, ഫിൻലാന്റ്, ഫ്രാൻസ്, യു.കെ, ജർമനി, അമേരിക്ക, നോർവെ, എന്നിവിടങ്ങളിൽനിന്ന് ഒട്ടനവധി ജമാഅത്തംഗങ്ങളും കുടുംബങ്ങളും മാൽമോയിലെത്തി.

ഇന്ന് ഈ മസ്ജിദിന്റെ ഉൽഘാടനവേളയിൽ ജുമുഅ നമസ്കാരത്തിന് ഏകദേശം ആയിരത്തി അഞ്ഞൂറ് പേരാണ് എത്തിച്ചേർന്നത്. അതിൽ എണ്ണൂറിലധികംപേർ വിദേശരാജ്യങ്ങളിൽനിന്ന് വന്ന ജമാഅത്തംഗങ്ങളാണ്. നോർവേയിൽനിന്ന് വന്ന ഒരു ജമാഅത്തംഗം പറയുന്നു: നമ്മുടെ ജമാഅത്തിലെ മുഴുവൻ ആളുകളും ഇവിടെ എത്തിയതുപോലുണ്ട്.

ഇന്ന് ആദ്യമായി മാൽമോയിൽനിന്ന് ഹുദൂർ അൻവറിന്റെ ജുമുഅ ഖുത്ബ എം.ടി.എ വഴി ലോകത്താകമാനം തൽസമയം സംപ്രേഷണം ചെയ്യുകയാണ്. പരിപാടിയനുസരിച്ച് രണ്ടുമണിക്ക് ഹുദൂർ അൻവർ താമസസ്ഥലത്തുനിന്ന് ഇറങ്ങി. മസ്ജ്ദിന്റെ പുറം മതിലിൽ സ്ഥാപിച്ചിരുന്ന ശിലാഫലകം അനാച്ഛാദനം ചെയ്തു. അതിനുശേഷം ദുആ ചെയ്തു. തുടർന്ന് ഹുദൂർ മസ്ജിദിനുള്ളിലേക്ക് പ്രവേശിച്ചു. ജുമുഅ ഖുത്ബ നിർവഹിച്ചു. (ഈ ജുമുഅ ഖുത്ബ ബദ്ർ വീക്കിലി 2016 ജൂൺ 2 ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്). മൂന്നുമണിവരെ ജുമുഅ ഖുത്ബ നീണ്ടുനിന്നു. തുടർന്ന് ളുഹ്ർ-അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരാനന്തരം ഹുദൂർ ഓഫീസിലേക്ക് പോയി.

കാൽമാർ(Kalmar) കൗൺസിലിന്റെ ചെയർമാനും യൂറോപ്യൻ യൂണിയന്റെ നിരവധി കമ്മിറ്റികളുടെ മുൻ അംഗവും ആയിരുന്ന റോഗർ കാലിഫ്(Roger Kaliff) 305 കിലോമീറ്റർ യാത്ര ചെയ്ത് മസ്ജദിന്റെ ഉൽഘാടനത്തിൽ പങ്കെടുക്കാനും ഹുദൂറുമായി കൂടിക്കാഴ്ച നടത്താനും എത്തിയരുന്നു. അദ്ദേഹത്തിന് ഹുദൂറുമായി ഏകദേശം 15 മിനിറ്റ് സംസാരിക്കാനുള്ള സൗഭാഗ്യം കിട്ടി. അദ്ദേഹം പിന്നീട് മടങ്ങിപ്പോയി.

**Malmo 24(ഓൺലൈൻപത്രം):**

തുടർന്ന് Malmo24ന്റെ പത്രാധിപർ ഹുദൂർ അൻവറുമായി അഭിമുഖം നടത്തി. അദ്ദേഹം ആദ്യമായി ഹുദൂറിനെ സ്വീഡനിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് ഹുദൂറിന്റെ ഇതുവരെയുള്ള മാൽമോ സന്ദർശനത്തെ കുറിച്ചുള്ള അഭിപ്രായം ആരാഞ്ഞു. ഹുദൂർ പറഞ്ഞു: കഴിഞ്ഞ മൂന്നുദിവസവും വളരെ രസകരമായിരുന്നു. ഇത് വളരെ മനോഹരമായ സ്ഥലമാണ്. വിശാലമായ പ്രദേശമാണ്. ശുദ്ധവായു പ്രവാഹം ഞാൻ ആസ്വദിക്കുകയാണ്. ഇവിടെയുള്ള ജമാഅത്തം

ഗങ്ങളുമായി കൂടിക്കാഴ്ചയും നടത്തുന്നുണ്ട്. അവരെല്ലാവരും വളരെ സന്തോഷത്തിലാണ്. തുടർന്ന് ഇത് ഹുദൂറിന്റെ ആദ്യത്തെ മാൽമോ സന്ദർശനമാണോ എന്ന് ചോദ്യമുണ്ടയി. ഹുദൂർ പറഞ്ഞു: അല്ല, ഞാൻ ഇവിടെ മുമ്പൊരിക്കൽ വന്നിട്ടുണ്ട്. 2005 ലാണെന്ന് തോന്നുന്നു. അപ്പോൾ ഞങ്ങളുടെ സ്കാന്റിനേവിയൻ രാഷ്ട്രങ്ങളുടെ ജൽസ ഇവിടെത്തെ കോത്തൻബർഗിൽവച്ചു നടത്തിയിരുന്നു.

പത്രാധിപർ: ഇന്നത്തെ ദിവസം താങ്കൾക്കു ഒരു മഹത്തായ ദിവസമായിരുന്നു. എന്തു തോന്നുന്നു?

ഹുദൂർ: വളരെ നല്ല ദിവസമായിരുന്നു. സ്വീഡന്റെ പുറമെയുള്ള രാജ്യങ്ങളിൽനിന്ന് സന്ദർശകരുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഇവിടെ ജുമുഅ നമസ്കാരത്തിന് ഇവിടത്തുകാരെക്കാളധികം മറ്റു രാജ്യങ്ങളിലെ അഹ്മദികളാണുണ്ടായിരുന്നത്.

പത്രാധിപർ: ഇവിടെ നിങ്ങളുടെ വലിയ മസ്ജിദാണ് നിർമിക്കപ്പെട്ടിരിക്കുന്നത്. മാൽമോയിൽ അഹ്മദികൾ താരതമ്യേന കുറവുമാണ്. നിങ്ങൾ ഈ മനോഹരമായ മസ്ജിദിനെ എങ്ങനെ ജനനിബിഢമാക്കും?

ഹുദൂർ മന്ദഹാസത്തോടെ പറഞ്ഞു: 'നിങ്ങളെപ്പോലുള്ള വിശാലഹൃദയർ ഞങ്ങളോടൊപ്പം ചേരുകയാണെങ്കിൽ അംഗസംഖ്യ സ്വയമേവ വർധിക്കുന്നതാണ്.

പത്രാധിപർ: താങ്കളുടെ അഭിപ്രായത്തിൽ നിങ്ങളുടെ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഈ മസ്ജിദിന്റെ നിർമാണം ഇത്രത്തോളം പ്രാധാന്യമർഹിക്കുന്നതെന്തുകൊണ്ടാണ്?

ഹുദൂർ: ഞാൻ ഖുത്ബയിലും ഇക്കാര്യം പറഞ്ഞിരുന്നു. മാൽമോയിൽ മാത്രമല്ല ഞങ്ങളുടെ ജമാഅത്തുള്ള എല്ലാ ഇടങ്ങളിലും ഞങ്ങളുടെ പക്കൽ സൗകര്യങ്ങളുണ്ടാകുകയും തദ്ദേശ ജമാഅത്ത് മസ്ജിദ് നിർമിക്കാൻ ആഗ്രഹിക്കുകയും തദ്ദേശ ജമാഅത്തംഗങ്ങൾ ത്യാഗങ്ങൾ സമർപിക്കുകയുമാണെങ്കിൽ അവിടെയൊക്കെ ഞങ്ങൾ മസ്ജിദ് നിർമിക്കുന്നതാണ്. ഇവിടെ ലോലിയോവിൽ ജമാഅത്ത് മസ്ജിദ് നിർമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവിടേയും നിർമിക്കാവുന്നതാണ്. ഇനി വേറെ എവിടെയെങ്കിലും മസ്ജിദ് ഉണ്ടാകണമെന്നു തോന്നിയാൽ അവിടേയുമാകാം. ഞങ്ങൾ ഒരു മതസംഘടനയാണ്. യഥാർഥ ഇസ്ലാമികാധ്യാപനങ്ങൾ പ്രാവർത്തികമാക്കാൻ പൂർണമായും പരിശ്രമിക്കുന്നവരാണ്. ഞങ്ങളുടെ വിശ്വാസപ്രകാരം മനുഷ്യവർഗത്തിന്റെ പ്രഥമ പ്രധാനമായ ലക്ഷ്യം സ്രഷ്ടാവിനെ ആരാധിക്കുകയാണ്. നിങ്ങൾ ഒരു മിച്ചുകൂടി ആരാധിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ അതിന് ഒരു സ്ഥലം എന്തായാലും ആവശ്യമുണ്ട്. അത് ചെറുതോ വലുതോ ആയ മസ്ജിദാകാം. അതുകൊണ്ടുതന്നെ ജമാഅത്തുള്ള സ്ഥലങ്ങളിലെല്ലാം മല്ജിദ് നിർമിക്കാൻ ഞങ്ങൾ ശ്രമിക്കാറുണ്ട്. ജർമനിയിൽ ഞങ്ങൾക്ക് ഡസൻ കണക്കിന് മസ്ജിദുകളുണ്ട്. ഇനിയും മസ്ജിദ് നിർമിക്കാൻ ഞങ്ങൾ ശ്രമിച്ചുവരികയാണ്.

പത്രാധിപർ: അഹ്മദിയ്യാ ജമാഅത്തും മറ്റു മുസ്ലീംകളും തമ്മിലുള്ള വ്യത്യാസമെന്താണ്?

ഹുദൂർ: എല്ലാവരും ചോദിക്കുന്ന ചോദ്യമാണിത്. അവസാന കാലത്ത് മുസ്ലീംകൾ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ വിസ്മരിച്ചുകളയുമെന്ന് പ്രവാചകൻ നബി(സ)തിരുമേനി പ്രവചിച്ചിരുന്നു. അപ്പോൾ മസീഹും മഹ്ദിയുമായ വാഗ്ദത്തോദ്ധാരകൻ ആഗതനാകും. അല്ലാഹുവിൽനിന്ന് മാർഗദർശനം ലഭിച്ച വ്യക്തിയായിരിക്കും അദ്ദേഹം. അദ്ദേഹം വെളിപ്പെട്ടുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. മസീഹും മഹ്ദിയുമായിരിക്കുന്ന ആ വ്യക്തി നബിയായിരിക്കുമെന്നതും ഞങ്ങളുടെ വിശ്വാസമാണ്. അദ്ദേഹത്തെ നബി(സ)തിരുമേനി നബി എന്ന നാമത്തിൽ സംബോധന ചെയ്തിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തും മറ്റുള്ളവരും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസമാണിത്. അനഹ്മദി മുസ്ലീംകൾ പറയുന്നത് അത്തരം വ്യക്തി വരാനിരിക്കുന്നതേയുള്ളൂവെന്നാണ്. അവർ പറയുന്നത് വരേണ്ട മസീഹ് ആകാശത്തുനിന്ന് ഇറങ്ങി വരണമെന്നാണ്. പക്ഷേ, ഞങ്ങൾ പറയുന്നത് മസീഹ് അല്ലാഹുവിന്റെ പ്രവാചകനായിരുന്നു. ഈ ലോകത്ത് അദ്ദേഹം 120 വർഷംവരെ ജീവിച്ചിരുന്നു. അതിനുശേഷം അദ്ദേഹം പ്രകൃതിസാധാരണമായ നിലയിൽ വഫാത്തായി. ആകാശത്ത് ആർക്കും രണ്ടായിരം വർഷംവരെ ജീവിച്ചിരിക്കാൻ സാധിക്കുകയില്ല. മസീഹ്(അ)അങ്ങേയറ്റം ഭക്തനായ മനുഷ്യനും അല്ലാഹുവിന്റെ നബിയും ആയിരുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹം അല്ലാഹുവിൽനിന്നുള്ള ദൗത്യം അതിന്റെ പൂർണതയിലെത്തിച്ചു. മറ്റു മുസ്ലീംകൾ പറയുന്നത് മസീഹ് (അ) ആകാശത്ത് സ്ഥൂലശരീരത്തോടെ ഇരിക്കുന്നുവെന്നാണ്. ഏതെങ്കിലും നേരത്ത് അദ്ദേഹം ഇറങ്ങി വരുമത്രെ! ക്രിസ്ത്യാനികളുടെ വിശ്വാസവും ഇതു തന്നെയാണ്. നബി(സ)തിരുമേനിയും വിശുദ്ധ ഖുർആനും മസീഹിന്റെ ആഗമനത്തെ കുറിച്ച് പറഞ്ഞ എല്ലാ അടയാളങ്ങളും പുലർന്നു കഴിഞ്ഞിരിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അവസാന കാലത്ത് യാത്രാസൗകര്യങ്ങൾ വർധിക്കുമെന്ന് നബി(സ)തിരുമേനി പ്രവചിച്ചിരുന്നു. ഇന്ന് ആരും തന്നെ യാത്രയ്ക്ക് ഒട്ടകത്തേയോ കുതിരയേയോ ഉപയോഗിക്കുന്നത് നമുക്ക് കാണാൻ കഴിയുകയില്ല. പ്രത്യുത അതിവേഗ ട്രൈനുകളും ബസ്സുകളും നൂതനമായ കാറുകളും കപ്പലുകളും വിമാനങ്ങളും അവയുടെ സ്ഥാനം പിടിച്ചി പറ്റിയിരുക്കുന്നു. പിന്നീട് ചില ആകാശീയമായ അടയാളങ്ങളുമുണ്ട്. അദ്ദേഹം ആഗതനാകുമ്പോൾ റമളാൻ മാസത്തിൽ നിശ്ചിത തിയതികളിൽ ഗ്രഹണങ്ങളുണ്ടാകുമെന്ന് നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നു. ഈ അടയാളവും നൂറു വർഷംമുമ്പേ പുലർന്നു കഴിഞ്ഞു. അക്കാലത്ത് പ്രവാചകവാദിയുമുണ്ടായിരുന്നു. ഈ എല്ലാ അടയാളങ്ങളും പുലർന്നു കഴിഞ്ഞു. അദ്ദേഹം വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നവെന്നത് ഞങ്ങളുടെ വിശ്വാസമാണ്. അദ്ദേഹം അല്ലാഹുവിന്റെ നബിയാണ്. ഇക്കാര്യമാണ് ഞങ്ങളേയും മറ്റുമുസ്ലീംകളേയും തമ്മിൽ വേർതിരിക്കുന്നത്.

പത്രാധാപർ: നിങ്ങളുടെ ഖുർആൻ വ്യാഖ്യാനം മറ്റുള്ളവരുടെ ഖുർആൻ വ്യാഖ്യാനത്തിൽനിന്ന് വിഭിന്നമാണോ?

ഹുദൂർ: മുഴുവൻ ഖുർആനും വിഭിന്നമല്ല. പക്ഷേ, ചില വചനങ്ങൾക്കു നല്കുന്ന വ്യാഖ്യാനത്തിൽ വ്യത്യാസമുണ്ട്. പക്ഷേ, ഞങ്ങൾ പറയുന്നത്, ബുദ്ധിപരമായ തെളിവുകൾ നല്കാതെ വിശുദ്ധ ഖുർആനിലെ ഒരു വചനത്തേയും വ്യാഖ്യാനിക്കാൻ പറ്റുകയില്ലെന്നാണ്. നമ്മൾ വിശുദ്ധ ഖുർആനിലെ ഏതെങ്കിലും വചനത്തിന് വ്യാഖ്യാനമെഴുതുകയാണെങ്കിൽ അതിനുപിന്നിൽ ലോജിക്കും പ്രമാണവും ഉണ്ടാകുന്നു. ഉദാഹരണത്തിന് വിശുദ്ധ ഖുർആൻ ഒരു സംശയവുമ സന്ദേഹവും കൂടാതെ നബി(സ) തിരുമേനിയെ അവസാനത്തെ പ്രവാചകനെന്ന് പറഞ്ഞിട്ടുണ്ടെന്ന് മറ്റു മുസ്ലീംകൾ പറയുന്നു. അതുകൊണ്ട് ഒരു നബിയും ഇനി വരികയില്ല. പക്ഷേ, ഞങ്ങൾ പറയുന്നത് വിശുദ്ധ ഖുർആൻ നബി(സ)തിരുമേനിയെ നബിമാരുടെ മുദ്ര എന്നാണ് പറയുന്നത്. അതായത് നബി വരുന്നതായിരിക്കും; അവരിൽ നബി(സ)തിരുമേനിയുടെ മുദ്ര പതിച്ചിട്ടുണ്ടാകും. ഒരു പുതിയ ശരീഅത്തോ പുതിയ ഗ്രന്ഥമോ ഇറങ്ങുകയില്ല. എന്നാൽ, മുസ്ലീംകൾക്കിടയിൽ അല്ലാഹു ഇച്ഛിച്ചാൽ ആരെവേണമെങ്കിലും അയാക്കാവുന്നതാണ്. നമുക്ക് അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളെ പരിമിതപ്പെടുത്താൻ സാധിക്കുകയില്ല. ഇത്തരത്തിലുള്ള ചില സുപ്രധന വചനങ്ങളുണ്ട്. അതിന്റെ വ്യാഖ്യാനങ്ങളിൽ വ്യത്യാസം കാണാം. ഇല്ലെങ്കിൽ ഞങ്ങളും വിശ്വസിക്കുന്നത് നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണെന്നു തന്നെയാണ്. അവർ ഖാത്തം എന്നതിന്റെ അർഥം പറയുന്നത് അദ്ദേഹത്തിനു ശേഷം ഒരു നബിയും വരികയില്ലെന്നാണ്. പക്ഷേ, ഞങ്ങൾ പറയുന്നത് ഖാത്തം എന്നതിന്റെ അർഥം മുദ്ര എന്നാണ്. നബി(സ)തിരുമേനിയുടെ മുദ്രയോടുകൂടി നബിയ്ക്കു വരാവുന്നതാണ്.

പത്രാധിപർ: താങ്കളെങ്ങനെയാണ് ഖലീഫയായത്?

ഹുദൂർ: തിരഞ്ഞെടുപ്പ് കമ്മിറ്റി മുഖേന ഞാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതാണ്.

(തുടരും)

(പേജ് 8ൽനിന്ന്)

അവന്റെ റസൂലും മലക്കുകൾ അദ്ദേഹത്തോടൊപ്പം പൊരുതുന്നുവെന്ന് പറഞ്ഞത് സത്യമാണ്.' അതായത് മലക്കുകൾ അദ്ദേഹത്തെ സഹായിക്കുന്നു.

ഹദ്റത്ത് ഹാരിഥ് ബിഅ്രെ മഊന സംഭവത്തിലും പങ്കെടുത്തിരുന്നു. സ്വഹാബാക്കളെ ശഹീദാക്കിയ സംഭവം അരങ്ങേറിയപ്പോൾ ഹദ്റത്ത് ഹാരിഥും അംറ് ബിൻ ഉമയ്യായും ഒട്ടകങ്ങളെ മേയിക്കാൻ പോയിരിക്കുകയായിരുന്നു. സീറത്തു ഇബ്നുഹിശാമിൽ രണ്ടു സ്വഹാബിമാർ അംറ് ബിൻ ഉമയ്യായും ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദുമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ചിലഗ്രന്ഥങ്ങളിൽ ഒട്ടകങ്ങളെ മേയ്ക്കുന്നവർ ഇവരായിരുന്നു. ഈ നിവേദനമനുസരിച്ച് ഇദ്ദേഹം പറയുന്നത് ഇവരായിരുന്നുവെന്നാണ്. അവർ തിരിച്ച് തമ്പടിച്ചിരുന്ന സ്ഥലത്ത് എത്തിയപ്പോൾ, പക്ഷികൾ അവിടെ ഇരിക്കുന്നതായി കണ്ടു. അപ്പോൾതന്നെ അവരുടെ കൂട്ടാളികൾ ശഹീദായെന്ന് അവർക്ക് മനസിലായി. ഹദ്റത്ത് ഹാരിഥ്, ഹദ്റത്ത് അംറിനോട് പറഞ്ഞു: താങ്കളുടെ അഭിപ്രായം എന്താണ്? ഹദ്റത്ത് അംറ് പറഞ്ഞു: നബി(സ)തിരുമേനിയുടെ അടുത്തുപോയി വിവരം എത്തിക്കണം എന്നതാണ് എന്റെ അഭിപ്രായം. ഹദ്റത്ത് ഹാരിഥ് പറഞ്ഞു: മുൻദിറിനെ വധിച്ച ഈ സ്ഥലത്ത് നിന്ന് ഞാൻ പിൻമാറുന്നതല്ല. അങ്ങനെ അദ്ദേഹം മുന്നോട്ട് കുതിക്കുകയും പോരാടി കൊണ്ട് ശഹീദാകുകയും ചെയ്തു.(ഉസുദുൽ ഗാബ, വാല്യം 1, പേജ് 615, ഹാരിഥ് ബിൻ അസ്സിമ്മ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). സീറത്തു ഇബ്നുഹിശാം പേജ് 439, ഹദീഥ് ബിഅ്രെ മഊന, പ്രസാധകർ ഇബ്നുഹസം, ബേറൂത്ത് 2009)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീബക്കർ പറയുന്നു: ശത്രുക്കളുടെ തുടർച്ചയായുള്ള ശൂലവർഷം മൂലമാണ് ഹദ്റത്ത് ഹാരിഥിന് ശഹാദത്ത് സംഭവിച്ചത്. അവ അദ്ദേഹത്തിന്റെ ശരീരത്തിൽ തുളച്ച് കയറി ഇരുന്നു. അങ്ങനെ അദ്ദേഹത്തിന് ശഹാദത്ത് സംഭവിച്ചു. (ഉസുദുൽ ഗാബ, വാല്യം 1, പേജ് 615, ഹാരിഥ് ബിൻ അസ്സിമ്മ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അല്ലാഹു ഈ എല്ലാ ബദ്രീ സ്വഹാബാക്കളുടേയും പദവികൾ ഉയർത്തികൊണ്ടിരിക്കട്ടെ – ആമീൻ.

(പേജ് 2ൽനിന്ന്)

മമായ രീതിയിൽ പെരുമാറുകയും അവർക്ക് ആനുകൂല്യങ്ങൾ നൽകുകയും വേണം.

കുറച്ചു ദിവസങ്ങൾക്ക് മുമ്പേ ജർമൻ ഗവർമ്മെന്റ് അഭയാർഥികളോട് ഒരു പുതിയ നയം കൈക്കൊള്ളുകയാണെന്ന റിപ്പോർട്ടുണ്ടായിരുന്നു. അതായത് അഭയാർഥികൾ ജർമനിയിൽ താമസമാക്കിയാൽ ഒരുവർഷം സാമൂഹികസേവനം നടത്തണമെന്ന്. ചില വിമർശകർ മുമ്പേ തന്നെ ഇതൊരു താണജോലിയുടെ രൂപമാണെന്ന് അവകാശപ്പെട്ടിരുന്നു. ഉൽഗ്രഥന പ്രക്രിയയെ ഇത് സഹായിക്കുകയില്ലെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. എന്നിരിക്കിലും എന്റെ വീക്ഷണത്തിൽ പ്രാദേശിക സമൂഹത്തെ സേവിക്കുന്ന ഏതൊരു വ്യക്തിയും ആ സേവനം മുഖേന ഉൽഗ്രഥനം നടത്തുകയാണ്. യഥാർഥത്തിൽ സാമൂഹികസേവനം എന്ന പ്രയോഗം ക്രിയാത്മകമാണ്. എന്തെന്നാൽ, തന്റെ സമൂഹത്തിന് സേവനം ചെയ്യേണ്ടത് ഓരോ വ്യക്തിയുടേയും കടമയാണെന്ന വിശ്വാസം മനസ്സിൽ കടത്തിവിടുന്നു. അതുമുഖേന സമൂഹത്തിലെ അംഗങ്ങളെ സഹായിക്കാൻ സാധിക്കുന്നു. അതനുസരിച്ച് ജർമൻ ഗവർമ്മെന്റ് ഈ നയം മുഖേന സ്തുത്യർഹരാവുന്നു, വിമർശനവിധേയരാവുന്നില്ല.

എന്നിരുന്നാലും, സാമൂഹികസേവനത്തിനുള്ള ഏർപാട് ചെയ്യുന്നതുമുഖേന ഒരു ആതിഥേയ ഗവർമ്മെന്റിന്റെ ഉത്തരവാദിത്തങ്ങൾ അവസാനിക്കുന്നില്ല. കുടിയേറ്റക്കാർക്ക് വേണ്ട മാർഗദർശനം ഗവർമ്മെന്റ് നല്കണം. അതുമുഖേന കുടിയേറ്റക്കാർ എത്രയും വേഗം സമൂഹത്തെ സഹായിക്കാൻ ആരംഭിക്കണം. ജോലി തേടി മാർക്കറ്റിൽ ഇറങ്ങാനുള്ള വൈദഗ്ധ്യം കുടിയേറ്റക്കാർക്കില്ലെങ്കിൽ ആവശ്യമായ പരിശീലനമോ അപ്രന്റീഷിപ്പോ നൽകണം. അതുമുഖേന അവർക്ക് വേഗത്തിൽ നൈപുണ്യമാർജിക്കാൻ സാധിക്കും. അങ്ങനെയുള്ള പരിശീലനത്തിന് വരുന്ന ചെലവ് രാഷ്ട്രത്തിന്റെ ഭാവിയിലെ വിലയേറിയ നിക്ഷേപമായിരിക്കും.

ചില കുടിയേറ്റക്കാരുടെ സ്വഭാവത്തെക്കുറിച്ചോ പശ്ചാത്തലത്തെക്കുറിച്ചോ എന്തെങ്കിലും സംശയമുണ്ടെങ്കിൽ അധികാരസ്ഥർ ജാഗരൂകരായിരിക്കുകയും അവരെ ഗുണദോഷിക്കുകയും അവർ സമൂഹത്തിന് ഭീഷണിയുയർത്തുകയില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. ചിലർ ഇതിനെ ഒരു അതിരുകടന്ന നയമായി ഗണിച്ചേക്കാം. എന്നാൽ, സമൂഹത്തെ അപകടത്തിൽനിന്ന് സംരക്ഷിക്കുകയും സമാധാനവും സുരക്ഷയും നിലനിറുത്തുകയും ചെയ്യേണ്ടത് ഏതൊരു ഗവർമ്മെന്റിന്റേയും ലക്ഷ്യങ്ങളാണ്. കുഴപ്പം വ്യാപിക്കുകയും അക്രമം സൃഷ്ടിക്കുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ വരുന്ന ഏതെങ്കിലും കുടിയേറ്റക്കാർ നേരിട്ടുതന്നെ ഇസ്ലാമിക അധ്യാപനങ്ങൾക്ക് വിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. യഥാർഥത്തിൽ വിശുദ്ധ ഖുർആനിലെ രണ്ടാം അധ്യായം 192-ാം വചനത്തിൽ പ്രസ്താവിക്കുന്നത് കൊലപാതകം നീചമായ കുറ്റകൃത്യമാണെങ്കിലും അക്രമം പരത്തുകയും വിദ്വേഷം ഉദ്ദ്യേപിപ്പിക്കുകയും ചെയ്യുന്നത് ഏറെ കുറ്റകരമാണെന്നാണ്.

തീർച്ചയായും ഒരാളെ വധിക്കുകയെന്നത് ചെറുതും അപ്രധാനവുമായ ഒരു കുറ്റകൃത്യമാണെന്നല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. അതിലുപരി സമൂഹത്തിൽ അക്രമത്തിന്റെ തീനാളങ്ങളെ ജ്വലിപ്പിക്കുകയും അതിനെ ഉപശാഖകളായി എതിർക്കുകയും ചെയ്യുന്നത് കൂടുതൽ ദോഷകരമാണ്. അന്തിമമായി ഉദ്ദീപനവും ഏകോപനവും കാരണം സമൂഹത്തിന് കൂടുതൽ ക്ഷതമേൽക്കുന്നു. അത് സംഘർഷത്തിലേക്കും യുദ്ധത്തിലേക്കും നയിക്കുകയും നിരപരാധികളായ അനേകം പേർ വധത്തിനുവിധേയരാകുകയും ചെയ്യുന്നു.

മുഹമ്മദ് നബി(സ)പറഞ്ഞിട്ടുള്ളത് ആരുടെ നാവിൽനിന്നും കൈയിൽനിന്നുമാണോ മറ്റുള്ളവർ സുരക്ഷിതരായിരിക്കുന്നത് അയാളാണ് യഥാർഥ മുസ്ലിമെന്നാണ്.

ഹിംസ അഥവാ മൗലികവാദത്തെ പ്രോത്സാഹിപ്പിക്കുന്ന മതമാണ് ഇസ്ലാമെന്ന് എങ്ങനെ പറയപ്പെടാം?

ഇസ്ലാം സമൂഹത്തിൽ അക്രമം പരത്തുന്നുവെന്ന് എങ്ങനെ പറയാൻ സാധിക്കും? ഇസ്ലാം സ്ത്രീകളുടെ ചാരിത്ര്യത്തെ ഭംഗപ്പെടുത്തുന്നുവെന്ന് എങ്ങനെ പറയാൻ സാധിക്കും?

ഇസ്ലാം മറ്റുള്ളവരുടെ സ്വത്തും സമ്പത്തും പിടിച്ചെടുക്കാൻ അതിന്റെ അനുയായികളെ അനുവദിക്കുന്നുവെന്ന് എങ്ങനെ പറയാൻ സാധിക്കും?

അങ്ങനെയുള്ള പാതകങ്ങൾക്ക് കുറ്റവാളിയായ ഒരാൾ അതിനെ ഇസ്ലാമിന്റെ പേരിൽ ന്യായീകരിച്ചാലും ഇല്ലെങ്കിലും അതിന്റെ അധ്യാപനങ്ങളിൽനിന്ന് വളരെ വിദൂരമാണ്; തന്റെ പൈശാചിക കൃത്യങ്ങൾക്ക് കണക്ക് പറയേണ്ടിവരും. എല്ലാവിധത്തിലും ഇസ്ലാം മുസ്ലിംകളോട് ആവശ്യപ്പെടുന്നത് ഉത്ഗ്രഥനത്തിന്റേയും നന്മയുടേയും ഉന്നത നിലവാരം പ്രദർശിപ്പിക്കാനാണ്. ഉദാഹരണമായി വിശുദ്ധഖുർആനിലെ രണ്ടാം അധ്യായം 189-ാം വചനത്തിൽ സർവ്വശക്തനായ അല്ലാഹു മുസ്ലിംകളെ ശാസിക്കുന്നത് വഞ്ചനയുടെ മാർഗത്തിൽ സമ്പത്തും സ്വത്തും ആർജ്ജിക്കരുതെന്നാണ്. അതിലുപരിയായി മുസ്ലിംകൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നത് സത്യസന്ധരും വിശ്വസ്തരും എല്ലാവിധത്തിലും സത്യത്തെ ഉയർത്തിപ്പിടിക്കുന്നവരുമാവണമെന്നാണ്.

അതേപ്രകാരം 83-ാം അധ്യായം 2 മുതൽ 4 വരെ വചനത്തിൽ മുസ്ലിംകൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നത് വ്യാപാരത്തിലും ഇടപാടുകളിലും നീതിയുടെ പ്രാധാന്യമാണ്. സർവ്വശക്തനായ അല്ലാഹു പ്രസ്താവിക്കുന്നു.

“അളവിൽ കുറക്കുന്നവർക്ക് മഹാനാശം. ജനങ്ങളിൽനിന്ന് അളന്നുവാങ്ങുമ്പോൾ അവർ പൂർത്തിയാക്കി വാങ്ങുന്നു. അവർക്ക് അളന്നുകൊടുക്കുകയോ കൂട്ടിക്കൊടുക്കുകയോ ചെയ്യുമ്പോൾ അവർ കുറക്കുകയും ചെയ്യുന്നു.”

ഈ സൂക്തങ്ങൾ പ്രസ്താവിക്കുന്നത് വ്യാപാര ഇടപാടുകളിൽ ചൂഷണം ചെയ്യുന്നവരും മറ്റുള്ളവരുടെ ചെലവിൽ അനീതിപരമായ നേട്ടം നേടുന്നവരും ശപ്തരും അവസാനം നിന്ദ്യരുമായിത്തീരുന്നതാണ്.

സമൂഹത്തെ എല്ലാവിധത്തിലുമുള്ള ക്രൂരതകളിൽനിന്നും അനീതികളിൽനിന്നും ഇസ്ലാം സംരക്ഷിക്കുന്നുവെന്നതാണ് സത്യം. ഓരോ വ്യക്തിയുടേയും ജീവനും സ്വത്തിനും സംരക്ഷണം നല്കുന്നു. അതിനാൽ അതീവ വ്യസനത്തിനും ദുഃഖത്തിനും കാരണമായ കാര്യം നബി(സ)തിരുമേനിയുടെ അനുഗൃഹീത സ്വഭാവത്തിന്നെതിരിൽ വ്യാജാരോപണം നടത്തുന്നുവെന്നാണ്. എന്നാൽ, അദ്ദേഹമാണ് സമൂഹത്തിൽ അതുല്യമായ ആത്മീയവും ധാർമികവുമായ വിപ്ലവം കൊണ്ടുവന്നത്. ആദ്യകാല മുസ്ലിംകൾ പ്രദർശിപ്പിച്ച ധാർമികോൽഗ്രഥനത്തിന്റെ ഉദാത്തമായ ഉദാഹരണങ്ങൾ മനുഷ്യചരിത്രത്തിൽ കാണാൻ സാധ്യമല്ല. അദ്ദേഹത്തിന്റെ അനുയായികൾ തമ്മിൽ കലഹിച്ചത് തമ്മിൽ തമ്മിൽ സ്വന്തമായി പ്രയോജനമെടുക്കാനായിരുന്നില്ല. മറിച്ച്, മറ്റുള്ളവരുടെ അവകാശസംരക്ഷണം ഉറപ്പുവരുത്താനായിരുന്നു. ഉദാഹരണമായി ഒരിക്കൽ നബി(സ)തിരുമേനിയുടെ ഒരനുചരൻ തന്റെ കുതിരയെ 200 ദിനാറിന് വില്ക്കാനായി മാർക്കറ്റിൽ കൊണ്ടുവന്നു. നബി(സ)തിരുമേനിയുടെ മറ്റൊരനുയായി കുതിരയെ വാങ്ങാനായി മാർക്കറ്റിൽവന്നു. 200 ദിനാർ വളരെ കുറച്ചാണെന്നും അതിന്റെ ന്യായവില 500 ദിനാറാണെന്നും പറഞ്ഞു. താൻ ദാനം സ്വീകരിക്കയില്ലെന്നും നിയമപരവും ന്യായവുമായ കച്ചവടമാണ് താൻ ആഗ്രഹിക്കുന്നതെന്നും താൻ 500 ദിനാർ നല്കുമെന്നും പറഞ്ഞു. ഇതുകേട്ടപ്പോൾ വില്ക്കുന്ന ആൾ താനും ആഗ്രഹിക്കുന്നില്ലെന്നും ന്യായമായ വില്പനയാണ് ആഗ്രഹിക്കുന്നതെന്നും അതിനാൽ 200 ദിനാർ മതിയെന്നും പറഞ്ഞു. അതുകൊണ്ട് അവരുടെ വാദം മറ്റേ ആളുടെ അവകാശം സംരക്ഷിക്കാനായിരുന്നു, വ്യക്തിപരമായ നേട്ടമായിരുന്നില്ല.

സമൂഹത്തിലെ എല്ലാ അംഗങ്ങളും അത്തരം മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു ജീവിച്ചിരുന്നെങ്കിൽ എന്ന് സങ്കല്പിച്ചുനോക്കൂ. എത്ര ഉന്നതമായ സമൂഹമാകാം.

ഓരോ പൗരനും സത്യസന്ധതക്ക് മുൻഗണന നല്കി. പൊതുനന്മയ്ക്കായി കഠിനാധ്വാനം ചെയ്തു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഇസ്ലാമികസമൂഹം ഇസ്ലാം എന്തിനെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നറിയാൻ ആഗ്രഹിക്കുന്ന ആൾ അത്തരത്തിലുള്ള കുലീന മാതൃകകൾ നോക്കണം. അല്ലാതെ വ്യാജമായി അതിന്റെ പേരിൽ ഭിന്നിപ്പും അസഹിഷ്ണുതയും വിതയ്ക്കുന്നവരെയല്ല നോക്കേണ്ടത്.

തീർച്ചയായും ഇന്ന് കാലത്തിന്റെ ആവശ്യമാണ്, അതായത് നാമെല്ലാം മുസ്ലിംകളും അമുസ്ലിംകളും നമ്മുടെ പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് ആലോചിക്കുക എന്നത്.

വളരെ അഭിമാനത്തോടെ, ലോകം എങ്ങനെയാണ് പരസ്പരബന്ധമുള്ള ആഗോളഗ്രാമമായി വികസിച്ചത് എന്നതിനെക്കുറിച്ച് സംസാരിക്കുന്നു. ആശയവിനിമയത്തിന്റെയും യാത്രയുടെയും വേഗത്തിൽ അത്ഭുതംകൂറുന്നു.

അങ്ങനെയുള്ള മുന്നേറ്റത്തോടെ നമുക്ക് ലോകത്തോടുള്ള ഉത്തരവാദിത്വങ്ങളും വർധിച്ചിരിക്കുന്നു എന്ന് നാം തിരിച്ചറിയണം.

കുടിയേറ്റ പ്രതിസന്ധിയെ സംബന്ധിച്ചിടത്തോളം തങ്ങളുടെ നാട്ടിൽ എവിടെയെല്ലാം ക്രൂരതകൾക്കും കാടത്തത്തിനും വിധേയരായ ആളുകളുണ്ടോ അവരെ സഹായിക്കേണ്ടത് അന്തർദ്ദേശീയ സമൂഹത്തിന്റെ ബാധ്യതയാണ്. ആ രാഷ്ട്രങ്ങളിലെ ആളുകളെ രഞ്ജിപ്പിലാക്കാനും യുദ്ധം അവസാനിപ്പിക്കാനും നിലനില്ക്കുന്ന സമാധാനം കൈവരുത്താനുമുള്ള പരിശ്രമത്തിന് മുൻഗണന നൽകണം. അത് അസാധ്യമാണെങ്കിൽ ദുരിതമനുഭവിക്കുന്നവരുടെനേരെ നമ്മുടെ ഹൃദയങ്ങൾ തുറക്കേണ്ടത് നമ്മുടെ ധാർമിക ബാധ്യതയാണ്.

തങ്ങളുടേതല്ലാത്ത കാരണത്തിന് ദുരിതമനുഭവിക്കുന്ന യഥാർഥ അഭയാർഥികളെ നാം നിരാകരിക്കരുത്. തങ്ങൾ ജീവിക്കുന്ന നാട്ടിലെ നിയമങ്ങൾ അനുസരിക്കുകയും നല്ല പൗരന്മാരാവാൻ ആഗ്രഹിക്കുകയും സമാധാനപരമായി ജീവിക്കാൻ അവസരം ആഗ്രഹിക്കുകയും ചെയ്യുന്നു. നിരപരാധികളായ ജനങ്ങളെ സമൂഹം മാറ്റിനിറുത്തരുത്. പ്രതിഷേധമില്ലാത്ത വികാരങ്ങളെ വ്രണപ്പെടുത്തുന്ന ദുരിതമനുഭവിക്കുന്ന ജീവിതം തകർന്നുപോയ നിസ്സഹായരായ ആളുകൾക്ക് നേരെ നാം സഹായഹസ്തം നീട്ടണം.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 14 March 2019 Issue-11

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

നമ്മുടെ മനുഷ്യത്വം തെളിയിക്കുക. നമ്മുടെ സഹാനുഭൂതി കാണിക്കുക. പൊറുതിമുട്ടിയ ആവശ്യക്കാരുടെ ഭാരം ചുമലിലേറ്റാൻ നാം അവിടെ ഉണ്ടാകണം.

മറുവശത്ത് കുടിയേറ്റക്കാർക്ക് തങ്ങളുടെ പുതിയ രാജ്യത്ത് വലിയ ഉത്തരവാദിത്വങ്ങൾ ഉണ്ട്. ഞാൻ പറഞ്ഞപ്രകാരം അവർ തങ്ങളുടെ പുതിയ സമൂഹത്തെ സഹായിക്കണം. ഉത്ഗ്രഥനത്തിനായി പരിശ്രമിക്കണം. പ്രാദേശികസമൂഹത്തിൽനിന്ന് സ്വയം മുറിക്കുകയോ വേറിട്ടുനിൽക്കുകയോ ചെയ്യരുത്. അവരുടെ പുതിയ സ്ഥലത്ത് സേവനം ചെയ്യണം. അതിന്റെ തുടർച്ചയായ വികസനത്തിനും പുരോഗതിക്കും വേണ്ടി പ്രവൃത്തിക്കണം. അതോടൊപ്പം വ്യത്യസ്ത ജീവിത പശ്ചാത്തലവും പാരമ്പര്യമുള്ള ജനങ്ങളുമായി സ്വരചേർച്ചയിൽ ജീവിക്കാനുള്ള വഴികൾ നാം കണ്ടെത്തണം.

ഞാൻ പറഞ്ഞപ്രകാരം ലോകം ഇന്ന് ഒരാഗോള ഗ്രാമം പോലെയാണ്. കഴിഞ്ഞുപോയ കാലഘട്ടത്തിൽ ജീവിക്കുന്നവരെപോലെയല്ല നമ്മൾ. അന്ന് ഒരു രാജ്യത്ത് നടക്കുന്ന സംഭവം ഏറിയാൽ അയൽരാജ്യത്ത് അറിയും. മറിച്ച് ഇന്ന് ഒരു രാജ്യത്തിലുള്ള സംഘർഷത്തിന് ലോകത്തെ മറ്റു രാജ്യങ്ങളിൽ പ്രത്യാഘാതമുണ്ട്. അതുകൊണ്ട് പരസ്പരം ഭയപ്പെടുന്നതിനു പകരം തമ്മിലുള്ള ചർച്ച മുഖേന നാം പ്രശ്നങ്ങൾ പരിഹരിക്കണം. സഹിഷ്ണുതയുടേയും സഹാനുഭൂതിയുടേയും ആത്മാവ് നമ്മിലുണ്ടാവണം.

ലോകത്തുള്ള ഓരോ രാഷ്ട്രത്തിലെ പട്ടണത്തിലും ഗ്രാമത്തിലും സമാധാനം സ്ഥാപിക്കലായിരിക്കണം നമ്മുടെ ഉദ്ദേശ്യം. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഈ ലക്ഷ്യം നിർവ്വഹിക്കാൻ എല്ലായ്പ്പോഴും കഠിനാധ്വാനം ചെയ്തിട്ടുണ്ട്. സമാധാനത്തിന് ഏറ്റവും അത്യാവശ്യമെന്ന് ഞങ്ങൾ വിശ്വസിക്കുന്ന ഘടകം അതായത് നാമെല്ലാം സർവ്വശക്തനായ ദൈവത്തിന്റെ സൃഷ്ടികളാണെന്ന വിശ്വാസം ഞങ്ങൾ പ്രചരിപ്പിക്കുന്നു. ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത് അവനെ തിരിച്ചറിയാനും പരസ്പരമുള്ള അവകാശങ്ങൾ നിവർത്തിപ്പാനുമാണ്.

മനുഷ്യകുലത്തിന് ഈ തിരിച്ചറിവുണ്ടായാൽ സത്യവും ദീർഘകാലം നിലനില്ക്കുന്ന സമാധാനവും ഉണ്ടാകുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്.

വ്യസനകരമെന്ന് പറയട്ടെ, ഇതിന്റെ നേർവിപരീതപരമായ അവസ്ഥയ്ക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്.

ദൈവാസ്തിക്യം മുഖേന സമാധാനം നേടാൻ ഒരുമിച്ചുകൂടുന്നതിലുപരി മനുഷ്യകുലം ഭൗതികമാർഗത്തിൽക്കൂടി മാത്രം സമാധാനം സ്ഥാപിക്കാനാണ് യത്നിക്കുന്നത്. ദിനംപ്രതി മനുഷ്യകുലം മതത്തിൽനിന്ന് കൂടുതലായി അകലുകയാണ്. ആത്മീയതയിൽനിന്ന് അകലുകയാണ്. അതിന്റെ ഫലം ഭയാനകമാണ്.

മോക്ഷത്തിനുള്ള ഏകമാർഗം സർവ്വശക്തനായ ദൈവത്തിലുള്ള വിശ്വാസമാണെന്നത് എന്റെ ഉറച്ച ബോധ്യമാണ്. ദേശീയവും അന്തർദ്ദേശീയവുമായ നിലവാരത്തിൽ യഥാർഥമായ സമാധാനം സ്ഥാപിക്കാനുള്ള ഏകവഴിയും അതാണ്. അതുകൊണ്ട് ലോകം അതിന്റെ സ്രഷ്ടാവിനെ തിരിച്ചറിയണമെന്നും അവന്റെ യഥാർഥ അധ്യാപനങ്ങൾ പിന്തുടരണമെന്നുള്ളത് അഗാധമായ ആഗ്രഹവും ആത്മാർഥമായ പ്രാർഥനയുമാണ്.

ഇനി വ്യക്തിപരവും രാഷ്ട്രീയവുമായ ലക്ഷ്യങ്ങൾക്ക് പിന്നാലെ പോകുന്നതിന് പകരം ഇന്നത്തെ നേതാക്കൾ എല്ലാ ജനങ്ങളുടെയും അവകാശങ്ങൾ വർണ വർഗ്ഗ ജാതി വ്യത്യാസമെന്യേ പൂർത്തിയാക്കണമെന്നാണ് ഞാൻ പ്രാർഥിക്കുന്നത്.

മനുഷ്യകുലത്തിനും സർവ്വശക്തനായ ദൈവത്തിനുമിടയിലുള്ള വിടവ് ദൂരീകരിക്കുകയും നാം നമ്മുടെ സ്വന്തം കണ്ണുകൾകൊണ്ട് ലോകം മുഴുവൻ സമാധാനം നിലനില്ക്കുന്നത് കാണാനിടവരികയും ചെയ്യട്ടെ എന്ന് ഞാൻ സർവ്വാത്മനാ പ്രാർഥിക്കുന്നു. നിങ്ങൾക്കെല്ലാം ഞാൻ വളരെയധികം നന്ദി പറയുന്നു.(ദി റിവ്യൂ ഓഫ് റിലീജ്യൻസ്, നവംബർ 2018).

# ജമാഅത്തിന്റെ സവിശേഷത

"ഒരു ജമാഅത്തിലുള്ള മുഴുവൻപേരും ആഭ്യന്തരമായ നിലയിൽ ഒരേതരക്കാർ ആയിരിക്കുകയില്ല. വിതയ്ക്കുന്ന ഗോതമ്പുമണികളെല്ലാം ഒരേതരത്തിലാണോ കിളിർക്കുന്നത്. അവയിലധികവും നഷ്ടപ്പെട്ടുപോകുന്നു. ചിലത് പക്ഷികൾ തിന്നുന്നു, ചിലത് മുരടിച്ചുപോകുന്നു. എന്നാൽ, അവയിൽ ഏതാണോ ഗുണമേന്മയുള്ളത് അത് നഷ്ടപ്പെടുന്നില്ല. അല്ലാഹുവിനുവേണ്ടി തയ്യാർ ചെയ്യപ്പെടുന്ന ജമാഅത്തും 'കസർഇൻ' ഒരു വിത്തുപോലെയാണ്. അതിന്റെ വളർച്ചയും മുകളിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തന്നെയായിരിക്കും.

ബലഹീനരായ സഹോദരന്മാരെ സഹായിക്കുകയും അവർക്ക് ശക്തി പകരുകയും ചെയ്യേണ്ടത് ഒരു ശീലമാക്കണം. രണ്ടു സഹോദരന്മാരിൽ ഒരാൾക്ക് നല്ലവണ്ണം നീന്താൻ അറിയാം. അത്തരം ഘട്ടത്തിൽ നീന്തൽ അറിയുന്ന ആൾ അറിയാത്ത ആളെ രക്ഷിക്കേണ്ടതാണ്. അത് അയാളുടെ കടമയാണ്. വിശുദ്ധഖുർആൻ പറയുന്നു:

"**നന്മയിലും അല്ലാഹുവിന്റെ വിധി വിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ അന്യോന്യം സഹായിക്കുക.**"(5:3) അതായത്, അശക്തരായ സഹോദരങ്ങളുടെ ഭാരം വഹിക്കാൻ തയ്യാറാവുക. വിശ്വാസപരമായ പ്രവർത്തനങ്ങളിലും സാമ്പത്തിക പരാധീനതകളിലും അവരോടൊപ്പം പങ്കാളികളാകുക. അവരുടെ ശാരീരികമായ ക്ഷീണത്തിനും ചികിത്സ നടത്തുക. ശക്തരായവർ അശക്തരായവരെ സഹായിക്കാത്തിടത്തോളം ഒരു ജമാഅത്തും യഥാർഥ ജമാഅത്തായി തീരുകയില്ല. മറ്റുള്ളവരിൽ ശക്തിപകരാനുള്ള ഒരു മാർഗം അവരുടെ ദോഷങ്ങളും കുറവുകളും മറച്ചുവയ്ക്കുക എന്നതാണ്. നവമുസ്ലിംകളുടെ ന്യൂനതകൾ കണ്ടാൽ അവർക്ക് നീരസമുണ്ടാകുന്നവിധത്തിൽ അവരോടു പെരുമാററുതെന്ന് സ്വഹാബത്തിനെ തിരുമേനി പഠിപ്പിച്ചിരുന്നു. കാരണം സ്വഹാബത്തും ഒരിക്കൽ ഇവരെപ്പോലെ ദുർബ്ബലരായിരുന്നു. അപ്രകാരംതന്നെ മുതിർന്നവർ യുവാക്കൾക്ക് സേവനം ചെയ്യേണ്ടതും നിർബന്ധമാണ്. സ്നേഹത്തോടും വാത്സല്യത്തോടും കൂടി അവരോട് പെരുമാറണം. പരസ്പരം കടിച്ചുകീറാൻ മുതിരുന്ന ജമാഅത്ത് യഥാർഥ ജമാഅത്തല്ല. ആൾക്കൂട്ടത്തിൽവെച്ച് ഒരു സഹോദരനെ അയാൾ സാധുവാണെന്ന് വിചാരിച്ച് തരംതാഴ്ത്തരുത്. ആക്ഷേപിക്കരുത്. ദുർബ്ബലരേയും സാധുക്കളേയും നിന്ദിക്കരുത്. അവരെ വെറുപ്പോടുകൂടി കാണുകയും അരുത്. ഏകീകരണത്തിലൂടെ ശക്തിപ്രാപിക്കണം. ഐക്യം ഉണ്ടാകണം. അതു മുഖേനയാണ് സ്നേഹവും അനുഗ്രഹവും ഉണ്ടാകുന്നത്.

(പേജ് 1ൽനിന്ന്)

അല്ലാഹു നല്കിയിട്ടുള്ള കല്പന അവസാനം വരെ പാലിക്കുക. അക്ഷമനാകരുത്.

### ദൈവമാർഗത്തിലെ പ്രയാണത്തിൽ അനുഗൃഹീത ചുവട് രണ്ട് സംഘക്കാരുടേതാണ്.

ദൈവമാർഗത്തിലെ പ്രയാണത്തിൽ അനുഗൃഹീത ചുവട് രണ്ട് സംഘക്കാരുടേതാണ്. ഒന്ന് ദീനുൽ അജാഇസുകാർ. അവർ വലിയ വലിയ കാര്യങ്ങളിൽ ചുവടു വെക്കുന്നു. ഉദാഹരണത്തിന് ശരീഅത്തിന്റെ കല്പനകൾ പാലിക്കാൻ തുടങ്ങുകയും മോക്ഷം പ്രാപിക്കുകയും ചെയ്തു. രണ്ടാമത്തേത് മുമ്പോട്ടു ചുവടു വെച്ചവരാണ്. ഒരിക്കലും ക്ഷീണിച്ചില്ല. നടന്നുകൊണ്ടേ പോയി. അങ്ങനെ ലക്ഷ്യസ്ഥാനംവരെ എത്തി. പക്ഷേ പൗരുഷമില്ലാത്ത കക്ഷി ദീനുൽ അജാഇസിൽനിന്ന് ചുവടു മുന്നോട്ടു വെച്ചെങ്കിലും ദൈവമാർഗത്തിലെ പ്രയാണം മറികടന്നില്ല. അവൻ തീർച്ചയായും നിരീശ്വരവാദിയായിത്തീരുന്നു. തങ്ങൾ നമസ്കരിച്ചുകൊണ്ടിരുന്നു, തപോയജ്ഞവും ചെയ്തു. പക്ഷേ, ഫലമൊന്നുമുണ്ടായില്ലെന്ന് ചിലർ പറയുന്നതുപോലെ! മൻസ്വൂർ മസീഹ് എന്ന വ്യക്തി വിവരിച്ചതുപോലെ. അയാൾ ക്രൈസ്തവനാകാനുള്ള കാരണം ഇതായിരുന്നു. അയാൾ ഗുരുക്കന്മാരുടെ അടുക്കൽ പോയി. തപോയജ്ഞം ചെയ്തുകൊണ്ടിരുന്നു. പക്ഷേ, ഒരു ഫലവുമുണ്ടായില്ല. തെറ്റുധരിച്ച് ക്രിസ്ത്യാനിയായി.

### സത്യസന്ധതയും ക്ഷമയും:

ആരാണോ അക്ഷമരാകുന്നത് അവർ ശയ്ത്വാന്റെ പിടിയിൽ അകപ്പെടുന്നു. അതിനാൽ മുത്തഖിയ്ക്ക് അക്ഷമയോടും യുദ്ധമാണ്. ബൂസ്താനിൽ ഒരു ആബിദിനെ കുറിച്ച് പറയപ്പെട്ടിരിക്കുന്നു. അദ്ദേഹം ആരാധനനടത്തുമ്പോഴെല്ലാം നീ തിരസ്കൃതനും കൈവെടിയപ്പെട്ടവനുമാണെന്നുള്ള അശരീരി കേൾക്കുന്നു. ഒരിക്കൽ ഒരു ശിഷ്യനും ഈ അശരീരി കേട്ടു. അയാൾ പറഞ്ഞു, ഇനിയിപ്പോൾ തീരുമാനമായല്ലോ. ഇനി തലകുത്തിമറിഞ്ഞിട്ടെന്തു കാര്യ. അയാൾ ഒരുപാട് കരഞ്ഞു. എന്നിട്ട് പറഞ്ഞു: ഞാൻ ഈ തിരുസന്നിധി വിട്ട് എവിടെ പോകാനാണ്. ശപിക്കപ്പെട്ടവനാണെങ്കിൽ അതെങ്കിലും ആയിക്കോട്ടെ. എന്നെ ശപിക്കപ്പെട്ടവനെന്ന് പറയുന്നതും എനിക്ക് ധന്യമാണ്. ഇക്കാര്യം മുരീദുനോടു പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു, 'നീ സ്വീകരിക്കപ്പെട്ടവനാണെന്ന്' അശരീരി കേട്ടു. അതിനാൽ ഇതെല്ലാം സത്യസന്ധതയുടേയും ക്ഷമയുടേയും ഫലമാണ്, അത് മുത്തഖിയിൽ ഉണ്ടായിരിക്കേണ്ടത് നിബന്ധനയാണ്. (മൽഫൂദാത്ത് വാല്യം 1, പേജ് 14–16)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin